### 1) നിശ്ചയമായും,നിങ്ങളോടു വാഗ്ദത്തം ചെയ്യപ്പെടുന്നതു സത്യമായുള്ളതുതന്നെ. ഇപ്രകാരം പറയുന്നതിന് മുമ്പ് പാഠഭാഗത്ത് സൂചിപ്പിച്ച സത്യങ്ങളിൽ പെടാത്തത് ഏതാണ് ?

- A. നിഷ്പ്രയാസം സഞ്ചരിക്കുന്ന കപ്പലുകൾ
- B. മഴ വെള്ളം വഹിക്കുന്ന കാർമേഘം
- C. കാര്യങ്ങളെ വിഭചിച്ചു നൽകുന്ന മലക്കുകൾ
- D. തുടരെത്തുടരെ അയക്കപ്പെടുന്ന കാറ്റുകൾ

### 2) നിങ്ങളോട് വാഗ്ദാത്തം ചെയ്യപ്പെടുന്നത്' (മാ തൂഅദൂൻ) എന്നത് കൊണ്ട് ഉദ്ദേശിച്ചത് ?

- A. മരണ ശേഷമുള്ള രക്ഷാ ശിക്ഷകൾ
- B. ആകാശത്തിൽ നിന്നുള്ള ഉപജീവനം
- C. എല്ലാ മനുഷ്യർക്കുമുള്ള ഇഹലോക സൗകര്യം
- D. ദൈവിക അനുഗ്രഹങ്ങൾ

### 3) തന്നിഷ്ടമോ സ്വാർത്ഥമോ മുൻ നിർത്തി സംസാരിക്കുകയെന്ന സ്വഭാവമേ നബിക്കില്ല. ഈ ആശയം നൽകുന്ന വചനം ഏതാണ് ?

- A. عَلَّمَهُۥ شَدِيدُ ٱلْقُوَىٰ
- B. وَمَا يَنطِقُ عَنِ ٱلْهَوَىٰٓ
- C. إِنْ هُوَ إِلَّا وَحْىٌ يُوحَىٰ
- D. എല്ലാം ശരിയാണ്

### 4) സൂറത്തുൽ സുഖ്റുഫിലെ ഇബാദു റഹ്മാൻ എന്ന് വിശേഷിപ്പിച്ചത് ആരെയാണ് ?

- A. വിനയാന്വിതർ
- B. മലക്കുകൾ
- C. മിതത്വം പാലിക്കുന്ന അടിമകൾ
- D. സത്യ വിശ്വാസികൾ

### 5) മരിച്ചവർക്ക് വേണ്ടി ഖുർആൻ ഓതുന്നതിനെ പറ്റി ഇമാം ശാഫിഈ(റ) മനസ്സിലാക്കിയിരിക്കുന്നത് എന്താണ് ?

- A. മരണപ്പെട്ടവർക്ക് അതിന്റെ പ്രതിഫലം ലഭിക്കപ്പെടും
- B. പാരായണം ചെയ്യപ്പെട്ടവനുള്ള പ്രതിഫലം ഉറപ്പാണ്
- C. മരിച്ചവർക്ക് ഖുർആൻ ഓതി ദാനം ചെയ്താൽ അത് കിട്ടുകയില്ല
- D. മരിച്ചവർക്ക് വേണ്ടി ഖുർആൻ ഓതിയാൽ , ഓതിയവന് അമലായും മയ്യിത്തിന് ഹദിയയായും അത് രേഖപ്പെടുത്തപ്പെടും

## 6) കൂട്ടത്തിൽ ഉൾപെടാത്തത് ഏതാണ് ?

- A. നിങ്ങൾ ആശ്ചര്യപ്പെടുന്നു
- B. നിങ്ങൾ ചിരിച്ചു കൊണ്ടിരിക്കുന്നു
- C. നിങ്ങൾ കരഞ്ഞു കൊണ്ടിരിക്കുന്നു
- D. നിങ്ങൾ മേൽപോട്ടു നോക്കുന്നവരാകുന്നു

## 7) പാഠഭാഗത്ത് പ്രവാചകന്മാരുടെ പേര് പരാമർശിച്ചതുമായി ബന്ധപെടുത്തി തെറ്റായ പ്രസ്താവനയാണ് ............

- A. മൂസാ(അ)യുടെ പേര് രണ്ട് സൂറത്തുകളിൽ മാത്രമാണ് വന്നിട്ടുള്ളത്
- B. ഇബ്രാഹീം(അ)യുടെ പേര് മൂന്ന് സൂറത്തുകളിൽ മാത്രമാണ് വന്നിട്ടുള്ളത്
- C. നൂഹ്(അ)യുടെ പേര് പാഠഭാഗത്ത് രണ്ട് സൂറത്തുകളിൽ മാത്രമാണ് വന്നിട്ടുള്ളത്
- D. ലൂഥ് (അ)യുടെ പേര് പരാമർശിച്ചത് സൂറത്തുൽ ഖമറിൽ മാത്രമാണ്

## 8) 'ശുഭം, ഭാഗ്യം, അഭിവൃദ്ധി, ആശീർവ്വാദം' എന്നൊക്കെ അർത്ഥം വരുന്ന പദമാണ്

- A- സകാത് زَكَوٰة
- B- ഫൗസ് فَوْز
- C- യുംന് يمن
- D- ശുഅ്മ് شؤم

## 9) ഹിൻസിൽ അളീം حِنثِ ٱلْعَظِيمِ എന്നാൽ എന്താണ് ?

- A- വമ്പിച്ച കുറ്റം
- B- വലിയ പാപങ്ങൾ

- C- വലിയതായ ഒരു കാര്യം
- D- മഹത്തായ കാര്യം

## 10) ആയത്തിൽ വന്ന ക്രമത്തിൽ രണ്ടാമത് വന്നത് ഏത് ?

- A- أَمْ نَحْنُ ٱلْمُنشِـُٔونَ
- B- أَمْ نَحْنُ ٱلْمُنزِلُونَ
- C- أَمْ نَحْنُ ٱلزَّٰرِعُونَ
- D- أَمْ نَحْنُ ٱلْخَـٰلِقُونَ

## 11) മരണപ്പെടുന്നത് ദുർമ്മാർഗ്ഗികളായ വ്യാജവാദികളിൽ പെട്ടവനാണെങ്കിൽ അവന് ലഭിക്കുന്ന ശിക്ഷകൾ സൂറത്തുൽ വാഖിഅയിൽ പരാമർശിച്ചത് താഴെ നൽകിയവയിൽ ഏതാണ് ?

- A. ശറാബുൻ മിൻ ഹമീം - شَرَابٌ مِّنْ حَمِيم
- B. തസ്‌ലിയതു ജഹീം - تَصْلِيَةُ جَحِيمٍ
- C. നുസുലുൻ മിൻ ഹമീം نُزُلٌ مِّنْ حَمِيمٍ
- D. സി യും ബി യും ശരിയാണ്

## 12) നജ്മ് എന്ന വാക്കിന്റെ അർത്ഥത്തിൽ ........................ ഉൾപ്പെടുന്നില്ല

- A. ചട്ടി
- B. ചെടി
- C. വള്ളി
- D. തൈ

## 13) " കുറ്റവാളികൾ വ്യാജമാക്കിക്കൊണ്ടിരിക്കുന്നതായ നരകം ഇതാ " പ്രസ്തുത അർത്ഥം സൂചിപ്പിക്കുന്ന വചനത്തിൽ നരകം എന്ന് കിട്ടാൻ ഉപയോഗിച്ച പദമാണ് ........?

- A. നാർ
- B. ജഹീം
- C. ജഹന്നം
- D. സഊർ

## 14) അവർ മാണിക്യവും പവിഴവുമെന്നൊണമിരിക്കും ' ആരെയാണ് ഖുർആൻ ഇങ്ങനെ വിശേഷിപ്പിച്ചത് ?

- A. സ്വർഗത്തിലെ ബാലന്മാരെ
- B. സ്വർഗത്തിൽ പ്രതിഫലമായി ലഭിക്കുന്ന സ്ത്രീകളെ
- C. സ്വർഗത്തിലെ സ്ത്രീകളെ
- D. മുഴുവൻ സ്വർഗവാസികളെയും

## 15) അല്ലമൽ ഖുർആൻ عَلَّمَ ٱلْقُرْءَانَ എന്ന ആയത്തിന്റെ ശരിയായ ഉദ്ദേശ്യമാണ് ................

- A. അവൻ വായന പഠിപ്പിച്ചു
- B. അവൻ ഖുർആൻ പഠിപ്പിച്ചു
- C. അവൻ വിവരണം പഠിപ്പിച്ചു
- D. എല്ലാം ശരിയാണ്

## 16) മനുഷ്യൻ ഊഴം വെച്ച് ഉപയോഗിച്ചു വരുന്നതാണ് ധനം എന്ന വസ്തുത വ്യക്തമാകുന്ന പ്രയോഗമാണ് ......

- A- നല്ലതായ കടം
- B-ദാനം നൽകുന്നവർ
- C- പ്രാതിനിധ്യം നല്കപ്പെട്ടവർ
- D-അനന്തരാവകാശം നൽകി

## 17) ആരാണ് അബൂ കബ്ശ ?

- A-ഹലീമ ബീവിയുടെ ഭർത്താവ്
- B- ഹലീമ ബീവിയുടെ പിതാവ്
- C- പ്രവാചകന്റെ പോറ്റുമ്മ
- D- ഹലീമ ബീവിയുടെ സഹോദരൻ

## 18) എല്ലാ മനുഷ്യനും തൻ്റെ സമ്പാദ്യങ്ങൾ ക്ക് പണയമാണ് എന്നതിൻ്റെ ഉദ്ദേശ്യം..?

- A- തൻ്റെ സമ്പത്തിന്

- B- തൻ്റെ കുടുംബത്തിന്
- C- തൻ്റെ ജീവിതത്തിന്
- D- തൻ്റെ പ്രവർത്തനങ്ങൾക്ക്.

**19) ഒരേ ആയത്തിലെ നാലു പദങ്ങൾ നൽകുന്നു, അവയിൽ ആയത്തിൽ അവസാനം വരുന്ന പ്രയോഗം ഏതാണ് ?**

- A.നബാത് نَبَات
- B.ഹുത്വാമ حُطَامًا
- C. യഹീജ് يَهِيجُ
- D. മുസ്ഫർറ مُصْفَرًّا

**20) ..................... ഇലാ മഗ്ഫിറത്തിൻ മിൻ റബ്ബികും വാ ജന്നതിൻ (إِلَىٰ مَغْفِرَةٍ مِّن رَّبِّكُمْ وَجَنَّةٍ.................); വിട്ടഭാഗം ആയത്തുകളിൽ നിന്നും ശരിയായ ഭാഗം കൊണ്ട് പൂരിപ്പിക്കുക**

- A.വ സാരിഊ وَسَارِعُوا
- B.വ സാബിഖൂ وَسَابِقُوا
- C. സാരിഊ سَارِعُوا
- D. എ യും ബി യും ശരിയാണ്

**21) പാഠഭാഗത്ത് അല്ലാഹു ഇഷ്ടപ്പെടാത്ത കൂട്ടരെ പ്രസ്താവിച്ചതുമായി ബന്ധപെടുത്തി താഴെ നൽകിയവയിൽ കൂട്ടത്തിൽ ഉൾപെടാത്തത് ഏത് ?**

- A.ദുരഭിമാനി
- B.പിശുക്കൻ
- C. അക്രമി
- D. പൊങ്ങച്ചക്കാരൻ

**22) 'എന്നാൽ അത് പാലിക്കേണ്ട മുറപ്രകാരം അതവർ പാലിച്ചില്ല' ; ആരെയാണ് അല്ലാഹു വചനത്തിൽ ആക്ഷേപിക്കുന്നത് ?**

- A.മുശ്രികുകളെ

- B.ഹൃദയം കറുത്തുപോയ വിശ്വാസികളെ
- C. കപട വിശ്വാസികളെ
- D. ഈസാ നബിയുടെ അനുയായികളെ

## 23) 'ഇന്ന് നിങ്ങൾക്ക് അനുമോദനം ' എന്നതിന് ഉപയോഗിച്ചത് ...............

- A.തഹിയ്യത്തുഹും യൗമ സലാം تَحِيَّتُهُمْ ٱلْيَوْمَ سَلَامٌ
- B.തഹിയ്യത്തുഹും ഫീഹാ സലാം تَحِيَّتُهُمْ فِيهَا سَلَامٌ
- C. ബുഷ്റകുമുൽ യൗമ് بُشْرَىٰكُمُ ٱلْيَوْمَ
- D. ദഅവാഹും ഫീഹാ دَعْوَاهُمْ فِيهَا

## 24) 'നല്ലതായ കടം' എന്നതിന്റെ താൽപര്യത്തിൽ .................. വരുന്നില്ല

- A. വിശ്വാസത്തോടെ
- B. സദുദ്ദേശ്യത്തോട് കൂടി
- C. അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും ഉന്നംവെച്ചുകൊണ്ട്
- D. ഉദാരവും മാന്യവുമായ പ്രതിഫലം

## 25) ഫസ്ബിറൂ ഔലാ തസ്ബിറൂ......... (......................فَٱصْبِرُوٓا۟ أَوْ لَا تَصْبِرُو) , ആയത്തിന്റെ തുടർച്ചയാണ് ?

- A. ٱصْلَوْهَا
- B. فِى خَوْضٍ يَلْعَبُونَ
- C. سَوَآءٌ عَلَيْكُمْ
- D. إِلَىٰ نَارِ جَهَنَّمَ دَعًّا

## 26) എങ്ങിനെയാണെങ്കിലാണ് തങ്ങൾ വഴിപിഴവിലും കിറുക്കിലും തന്നെയായിത്തീരുമെന്ന് സമൂദ് കാർ ആവലാതിപ്പെട്ടത് ?

- A - അവരിൽ നിന്ന് തന്നെയുള്ള ഒരു മനുഷ്യനെ അവർ പിൻ പറ്റിയാൽ
- B- അല്ലാഹു അവരെ കൈയ്യൊഴിഞ്ഞാൽ
- C- ഒട്ടകത്തെ അറുകൊല ചെയ്താൽ

- D- ശിക്ഷ അവരെ പിടി കൂടിയാൽ

## 27) മനുഷ്യരെ ആദ്യതവണ സൃഷ്ടിച്ച് രൂപം നൽകി നടപടി ക്രമങ്ങൾ നടത്തിപ്പോരുന്ന അല്ലാഹുവിനു രണ്ടാമതൊരു ജീവിതം കൂടി നൽകുവാൻ ഒരു പ്രയാസവുമുണ്ടാകില്ല എന്നതാണ് ............ ആയത്തുകളിലൂടെ അല്ലാഹു നമ്മെ ഉണർത്തുന്നത്.

- A - വാഖിഅഃ 68 മുതൽ 70 വരെ
- B- വാഖിഅഃ 63 മുതൽ 67 വരെ
- C- വാഖിഅഃ 58 മുതൽ 62 വരെ
- D- വാഖിഅഃ 71 മുതൽ 72 വരെ

## 28) ലൂത് ജനതയിലേക്ക് വർഷിക്കപ്പെട്ട കല്ലുകളുടെ വിശേഷണത്തിൽ പെടാത്തത് ഏതാണ് ?

- A. കളിമണ്ണിന്റെ കല്ലുകൾ
- B. അടയാളപ്പെടുത്തപ്പെട്ട കല്ലുകൾ
- C. നാശത്തിന്റെ കല്ലുകൾ
- D. അട്ടിയായ ചൂളക്കല്ലുകൾ

## 29) തെറ്റായ പ്രസ്താവന കണ്ടെത്തുക ?

- A. ഒരാൾ ഒരു നന്മ ചെയ്താൽ ഖിയാമത്ത് നാൾ വരെ അതനുസരിച്ചു പ്രവർത്തിക്കുന്നവരുടെ പ്രതിഫലം ഉണ്ടായിരിക്കും
- B. ഒരാൾ ഒരു തിന്മ ചെയ്താൽ ഖിയാമത്ത് നാൾ വരെ അതനുസരിച്ചു പ്രവർത്തിക്കുന്നവരുടെ പ്രതിഫലം ഉണ്ടായിരിക്കും
- C . നന്മകളിലും തിന്മകളിലും മനുഷ്യന് പരസ്പരം യാതൊരു പ്രതിഫലവും പങ്ക് വെക്കപ്പെടുകയില്ല
- D. മനുഷ്യൻ പ്രവർത്തിച്ചത് അവനുണ്ട് , കൂടെ തന്നെ ഔദാര്യം കൊണ്ട് അള്ളാഹു നൽകുന്ന കൂടുതലും ഉണ്ട്

## 30) പാഠഭാഗത്തെ ചില ആയത്തുകളെ വിശദീകരിക്കുന്നതിൽ അലി(റ), ഉമർ(റ) , ഇബ്നു ഉമർ(റ) , ഇബ്നു അബ്ബാസ്(റ) പോലുള്ളവർ ഏകാഭിപ്രായക്കാരണ്, താഴെ നൽകിയവ പരിശോധിച്ച് പ്രസ്തുത അഭിപ്രായം തിരഞ്ഞെടുക്കുക

- A. എളുപ്പത്തിൽ സഞ്ചരിക്കുന്നവ എന്ന് പറഞ്ഞത് കപ്പലുകളെ കുറിച്ചാണ്
- B. വിതറുന്നവ എന്ന് പറഞ്ഞത് നീരാവി വഹിക്കുന്ന കാറ്റുകളെയാണ്
- C. വിഭജിക്കുന്നവ എന്ന് പറഞ്ഞത് മലക്കുകളെ പറ്റിയല്ല
- D. റൂഹ് ഊതുന്ന മലക്കുകളെയാണ് മുഖസ്സിമാത്ത് എന്ന് പറഞ്ഞിട്ടുള്ളത്

## 31) ഇബ്റാഹിം നബിയുടെ അതിഥികളെ പറ്റി ഖുർആൻ വിശേഷിപ്പിച്ചത് എന്താണ് ?

- A. മലക്കുകൾ
- B. മാന്യന്മാർ
- C. ദൂതന്മാർ
- D. സുന്ദരന്മാർ

## 32) ഖാബ കൗസയിൻ قَابَ قَوْسَيْنِ എന്നതിനെ വായിക്കുമ്പോൾ നാം മനസിലാക്കേണ്ട കാര്യം എന്താണ് ?

- A. പരസ്പരം മുഖത്തോട് മുഖം നോക്കി നിന്നു
- B. പരസ്പരം കാൽമുട്ടുകൾ ചേർന്നു ഇരുന്നു
- C. പരസ്പരം അങ്ങേയറ്റം അടുത്ത് വന്നു നിന്നു
- D. ഒരു അസാധാരണ കൂടിക്കാഴ്ച

## 33) താഴെ നൽകിയതിൽ വിശുദ്ധ ഖുർആനിന്റെ വചനാർത്ഥത്തിൽ പെടുന്നത് ഏതാണ് ?

- A. നിങ്ങൾ ഊഹത്തെ സൂക്ഷിക്കുക , ഊഹം വർത്തമാനത്തിൽ വെച്ച് ഏറ്റവും കളവാകുന്നു
- B. ഊഹമാകട്ടെ , നിശ്ചയമായും യഥാർത്ഥത്തെ സംബന്ധിച്ച് ഒട്ടും ഉപകരിക്കുകയില്ല
- C. ഊഹത്തെ വെടിയുക , ഊഹത്തിൽ മിക്കതും കളവാകുന്നു
- D. എല്ലാം ഖുർആനിക വചനാർത്ഥങ്ങളാകുന്നു

## 34) എന്താണ് ഖുർബത്തുകൾ ?

- A. അല്ലാഹുവിന്റെ സാമീപ്യം സിദ്ധിക്കാനായി ചെയ്യുന്ന പുണ്യ കർമ്മങ്ങൾ
- B. ഉറ്റവർക്കും ഉടയവർക്കും നാം ചെയ്യുന്ന പുണ്യ കർമ്മങ്ങൾ

- C. ഒരു മുസ്‌ലിം മറ്റൊരു മുസ്ലിമിന് വേണ്ടി ചെയ്യുന്ന പുണ്യ കർമ്മങ്ങൾ
- D. എല്ലാം ശരിയാണ്

### 35) കൂട്ടത്തിൽ ഉൾപെടാത്തത് ഏതാണ് ?

- A. تَعْجَبُونَ
- B. لَا تَضْحَكُونَ
- C. لَا تَبْكُونَ
- D. سَامِدُونَ

### 36) കൂട്ടത്തിൽ ഉൾപെടാത്തത് തിരഞ്ഞെടുക്കുക

- A. ഭംഗം കൂടാതെ നടന്നു കൊണ്ടിരിക്കുന്ന ദാനധർമ്മം
- B. ഉപകാരപ്രദമായ അറിവ്
- C. തനിക്കുവേണ്ടി പ്രാർത്ഥിക്കുന്ന സന്താനം
- D. ഖുർആൻ പാരായണം

### 37) 'വിശ്വാസം, ക്ഷമ, കാരുണ്യം, അനാഥകൾക്കും അഗതികൾക്കും ഭക്ഷണ പ്രോത്സാഹനം തുടങ്ങിയ ഗുണങ്ങൾ സൂക്ഷിക്കുന്നവരെ ‘അവരത്രെ വലതുപക്ഷക്കാർ' എന്നും അല്ലാഹുവിന്റെ ആയത്തുകളിൽ അവിശ്വസിക്കുന്നവരെ ‘അവരത്രെ ഇടതുപക്ഷക്കാർ’ എന്നും ............. സൂറത്തിൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്

- A- വാഖിഅ
- B- റഹ്മാൻ
- C- ഫജ്ര്‍
- D- ബലദ്

### 38) "നിശ്ചയമായും പൂർവ്വീകന്മാരും, പിന്നീടുള്ളവരും" എന്ന് പറഞ്ഞതിന് ശേഷം ആയത്തിൽ വന്നിട്ടുള്ളത് എന്താണ് ?

- A- ഒരുമിച്ചുകൂട്ടപ്പെടുന്നവർ തന്നെ
- B- വിചാരണക്ക് വിധേയമാകുന്നവർ തന്നെ
- C- നാശമടയാനുള്ളത് തന്നെ

- D- കുറച്ചും, ഒരുപാടും

## 39) തെറ്റായ ജോഡി തിരഞ്ഞെടുക്കുക

- A- (വാഖിഅ 57-62) --- (മനുഷ്യന്റെ ജനനമരണങ്ങൾ)
- B- (വാഖിഅ 63-67) --- (ആകാശത്തിൽ നിന്നും ചൊരിയുന്ന മഴ)
- C- (വാഖിഅ 68-70) ---- (ദാഹത്തിനുള്ള വെള്ളം)
- D- (വാഖിഅ 71-73) ---- (ഭക്ഷണപാനീയങ്ങൾ തയ്യാറാക്കുന്നതിനാവശ്യമായ തീ)

## 40) ഇടതു ഭാഗക്കാർക്കുള്ള ശിക്ഷകൾ പരിശോധിച്ച് താഴെ നൽകിയവയിൽ കൂട്ടത്തിൽ ഉൾപെടാത്തത് ഏതാണ് ?

- A. സമൂമ് سَمُوم
- B. ഹമീം - حَمِيم
- C. ബാരിദിൻ വ കരീം بَارِدٍ وَ كَرِيم
- D. ളില്ലിൻ മിൻ യഹ്മൂം - ظِلٍّ مِّن يَحْمُوم

## 41) സൂറത്തുൽ റഹ്മാനിൽ താഴെ നൽകിയ ഒരു പദം 'തുടർച്ചയായ മൂന്ന് ആയത്തുകളിൽ' പ്രസ്തുത ആയത്തുകളുടെ അവസാന പദമായിട്ട് വരുന്നുണ്ട്. ഏതാണീ പദം ?

- A. അൽഇഹ്സാൻ
- B. തുകദ്ദിബാൻ
- C. അൽമീസാൻ
- D.ജന്നതാൻ

## 42) നുഹാസ് (ചെമ്പ് ദ്രാവകം) എന്ന പദത്തിന്റെ മറ്റൊരു അർത്ഥമാണ് .........?

- A. കരിമ്പുക
- B. തീക്കനൽ
- C. ഉഷ്ണ ജലം
- D. തുളച്ചു കയറുന്ന കാറ്റ്

### 43) അൽ ഇഹ്സാൻ ' എന്ന് ഒരു വചനത്തിൽ രണ്ട് പ്രാവശ്യം ആവർത്തിച്ചിരിക്കുന്നു. വചനത്തിലെ രണ്ടാമത്തെ അൽ ഇഹ്സാനിന്റെ അർത്ഥമെന്ത് ?

- A. പ്രതിഫലം
- B. നന്മ ചെയ്യൽ
- C. പുണ്യം
- D. എല്ലാം ശരിയാണ്

### 44) മനുഷ്യന്റെ മനസ്സിലുള്ളതു വിവരിക്കുവാനും സംസാരിക്കുവാനും അവനെ അല്ലാഹു പഠിപ്പിച്ചിരിക്കുന്നു എന്ന് വ്യക്തമാക്കുന്ന ആയത്ത് ഏതാണ് ?

- A. عَلَّمَ ٱلْقُرْءَانَ
- B. خَلَقَ ٱلْإِنسَٰنَ
- C. ٱلرَّحْمَٰنُ
- D. ഇവയൊന്നുമല്ല

### 45) പ്രാപഞ്ചിക ദൃഷ്ടാന്തങ്ങൾ വഴി മനുഷ്യ ബുദ്ധി കൊണ്ടുള്ള അംഗീകാരമോ, ആത്മീയ ലോകത്ത് വെച്ച് ഞാൻ നിങ്ങളുടെ റബ്ബ് അല്ലയോ എന്ന് ചോദിച്ചതിനു സാക്ഷ്യം വഹിച്ചതുമായ വസ്തുതകളാണ് ഈ പ്രയോഗം കൊണ്ട് വിവക്ഷിക്കുന്നത്, എന്തുകൊണ്ട് ?

- A- അവൻ നിങ്ങളുടെ ഉറപ്പ് വാങ്ങി
- B-നിങ്ങൾ വിശ്വസിക്കുന്നവരെങ്കിൽ
- C- ഞങ്ങൾ സാക്ഷ്യം വഹിച്ചിരിക്കുന്നു
- D-എല്ലാം ശരിയാണ്

### 46) ഹിജ്റക്കു അഞ്ചു വർഷം മുമ്പ് അന്ത്യസമയത്തിന്റെ ആസന്നതയും സംഭവ്യതയും തെളിയിക്കുന്ന ഒരു പ്രത്യക്ഷ ദൃഷ്ടാന്തം ഉണ്ടായി. പ്രസ്തുത ദൃഷ്ടാന്തം ഏതാണ് ?

- A- കഅബ പൊളിച്ചു, പുതുതായി പണിതു
- B- മക്കത്ത് വരണ്ട വർഷം അനുഭവപ്പെട്ടു

- C- ചന്ദ്രൻ പിളർന്നു
- D- പ്രവാചകന്റെ വഹ് യ് ഒരു നിശ്ചിത സമയം വരെ നിലച്ചു

## 47) സ്വർഗ്ഗ വാസികളുടെ ഭൃത്യന്മാർ ആയ ബാലൻമാരുടെ ഉപമയാണ്..

- A- വിളങ്ങി നിൽക്കുന്ന സൂര്യനെപ്പോലെ.
- B- ഒളിച്ചു വെക്കപ്പെട്ട മുത്തു പോലെ
- C- കാത്തു സൂക്ഷിക്കപെട്ട മാണിക്യം പോലെ
- D- ചിപ്പിക്കുള്ളിൽ വെക്കപ്പെട്ട പവിഴം പോലെ

## 48) (വഫിൽ ആഖിറത്തി .......................) ..............................وَفِي الْآَخِرَةِ പാഠഭാഗത്തെ ആയത്തിൽ നിന്നും പൂരിപ്പിക്കുക

- A.مَغْفِرَةٌ مِّنَ اللهِ وَرَحْمَة
- B.حَسَنَةً وَقِنَا عَذَابَ النَّارِ
- C. عَذَابٌ شَدِيدٌ وَمَغْفِرَةٌ مِّنَ اللَّهِ
- D. مَّغْفِرَةٌ وَرِزْقٌ كَرِيمٌ

## 49) നബി (സ) അരുളിച്ചെയ്തിരിക്കുന്നു; "സ്വർഗ്ഗത്തിൽ ................ സ്ഥലം ഇഹലോകത്തെയും അതിലുള്ളവയെയുക്കാളും ഉത്തമമായതാണ്" ; ബുഖാരി നിവേദനം ചെയ്ത ഹദീസിൽ വന്ന പ്രയോഗം കൊണ്ട് പൂരിപ്പിക്കുക

- A.ഒരു ചാൺ
- B.ഒരു വില്ലിന്റെ
- C. ഒരു ചമ്മട്ടിയുടെ
- D. അര ചാൺ

## 50) അല്ലാഹു ഇറക്കിയിരിക്കുന്നു എന്ന് ആയത്തിൽ വന്നിട്ടുള്ളതിൽ കൂട്ടത്തിൽ ഉൾപെടാത്തത് ഏത് ?

- A.ആയത്തിൻ ബയ്യിനാത്
- B.അൽ മീസാൻ
- C. അൽ കിതാബ്

- D. അൽ ഹദീദ്

## 51) ഇസ്രാഈൽ സന്തതികൾ എത്ര വിഭാഗമായി പിരിഞ്ഞു എന്നാണ് ഹദീസിൽ വന്നിട്ടുള്ളത് ?

- A.12
- B.72
- C. 71
- D. 73

## 52) ഞങ്ങൾ ഇഹത്തിൽ നിങ്ങളുടെ ഒന്നിച്ചായിരുന്നില്ലേ ? ഇങ്ങനെ ചോദിക്കുന്നത് ആരാണ് ? ആരോടാണ് ചോദിക്കുന്നത് ? എവിടെ വെച്ചാണ് ചോദിക്കുന്നത് ?

- A.അവിശ്വസിച്ചവർ കപടവിശ്വാസികളോട് മഹ്ശറിൽവെച്ചു ചോദിക്കുന്നത്
- B.കപടവിശ്വാസികൾ അവിശ്വസിച്ചവരോട് മഹ്ശറിൽവെച്ചു ചോദിക്കുന്നത്
- C. കപടവിശ്വാസികൾ വിശ്വസിച്ചവരോട് മഹ്ശറിൽവെച്ചു ചോദിക്കുന്നത്
- D. എ യും ബി യും ശരിയാണ്

## 53) 'ഇന്ന് നിങ്ങൾക്ക് അനുമോദനം' ; എന്താണ് ഈ സന്തോഷ വാർത്ത?

- A. അരുവി
- B. നിത്യവാസം
- C. നിത്യവാസത്തിന്റെ സ്വർഗ്ഗങ്ങൾ
- D. പാപമോചനവും സത്യപ്രകാശവും

## 54) ആയത്തിന്റെ ശരിയായ ഭാഗമാണ് .........

- A. فَٱصْبِرُوٓا۟ أَوْ تَصْبِرُو
- B.فَٱصْبِرُوٓا۟ أَوْ لَا تَصْبِرُو
- C. وَٱصْبِرُوٓا۟ أَوْ لَا تَصْبِرُو
- D. وَٱصْبِرُوٓا۟ أَوْ تَصْبِرُو

## 55) കുല്ലു യൗമിൻ ഹുവ ഫീ ഷഅ്ൻ كُلَّ يَوْمٍ هُوَ فِى شَأْنٍ എന്നാൽ ഉദ്ദേശ്യം

- A - ലോകാവസാനം വരെയുള്ള കാര്യങ്ങളെല്ലാം നിർണ്ണയിക്കപ്പെട്ടതാണ്
- B- ഉറക്കമോ, മയക്കമോ, ക്ഷീണമോ, മറവിയോ അവന് ബാധിക്കുകയില്ല
- C- ആകാശങ്ങളിലും ഭൂമിയിലുമുള്ളവർ അവനോടുയാചിക്കുന്നു
- D- അവൻ നിത്യവും ഓരോരോ കാര്യങ്ങളിൽ ബദ്ധാശ്രദ്ധനാണ്

## 56) നിങ്ങൾ നിസ്സാരമാക്കുന്നവരണോ എന്നർത്ഥം വരുന്ന ആയത്തിന്റെ ഭാഗമാണ് ...............

- A - അന്നകും തുകദ്ദിബൂൻ أَنَّكُمْ تُكَذِّبُونَ
- B- അൻതും തൻളുറൂൻ أَنتُمْ تَنظُرُونَ
- C- അൻതും മുദ്ഹിനൂൻ أَنتُم مُّدْهِنُونَ
- D- അന്നകും തൻളുറൂൻ أَنَّكُمْ تَنظُرُونَ

## 57) ലൂത് നബിയുടെ വീട്ടുകാരെ അല്ലാഹു വിശേഷിപ്പിച്ചത് .......... എന്ന് പറഞ്ഞാണ് ?

- A. മുഅ്മിനുകളും മുസ്‌ലിംകളും
- B. മുസ്‌ലിംകൾ എന്ന് മാത്രം
- C. മുഅമിനുകൾ എന്ന് മാത്രം
- D. മുഹ്സിനുകൾ

## 58) അല്ലാഹുവിനെ കുറിച്ചുള്ള ഭയപ്പാട് നിമിത്തം കരയുന്നവൻ നരകത്തിൽ പ്രവേശിക്കുകയില്ല പ്രവാചകൻ സ പറഞ്ഞ ഈ വചനത്തിന്റെ ബാക്കി എന്താണ് ?

- A. തീർച്ചയായും അന്ത്യ നാൾ സംഭവിക്കുക തന്നെ ചെയ്യും
- B. അനുസരണക്കേടിൽ നിരതനായയവൻ സ്വർഗത്തിലും പ്രവേശിക്കുകയില്ല
- C. അല്ലാഹുവിനല്ലാതെ ആർക്കും അന്ന് തുറവി നൽകാനാവുകയില്ല
- D. ഞാൻ അറിഞ്ഞത് നിങ്ങൾ അറിഞ്ഞിരുന്നെങ്കിൽ നിങ്ങൾ ചിരിക്കുമായിരുന്നില്ല

## 59) താഴെ നൽകിയ പദങ്ങൾ ആകാശത്തെ പറ്റി പറഞ്ഞതുമായി ബന്ധപ്പെട്ട് സൂക്ഷ്മമായി നോക്കിയാൽ ഒന്ന് മാത്രം വേറിട്ട് നിൽക്കുന്നു. പ്രസ്തുത പദം ഏതാണ് ?

- A. കെട്ടുറപ്പ്
- B. ഭംഗി
- C. മാർഗങ്ങൾ
- D. അഴക്

**60) ഇബ്റാഹിം നബിയുടെ വീട്ടിൽ വന്ന അതിഥികൾ വീട്ടുകാരുമായി നടത്തിയ സംഭാഷണത്തിലെ ചില ശകലങ്ങൾ താഴെ നൽയിട്ടുണ്ട്. ഇവയിൽ ഖുർആൻ ആദ്യം പരാമർശിച്ചത് എന്താണ് ?**

- A. പേടിക്കേണ്ട
- B. അപ്രകാരം തന്നെയാണ് നിന്റെ റബ്ബ് പറഞ്ഞിരിക്കുന്നത്
- C. നിങ്ങൾ തിന്നുകയല്ലേ ?
- D. മാന്യാഥിതികളുടെ വർത്തമാനം വന്നെത്തിയോ ?

**61) 'അദ്ദേഹം (നബി) കണ്ടതിനെ ഹൃദയം നിഷേധിച്ചിട്ടില്ല"; ഇവിടെ സൂചിപ്പിച്ച ഹൃദയം ആരുടേതാണ് ?**

- A. ജിബ് രീൽ(അ) ന്റെ
- B. അബൂബക്കർ (റ) ന്റെ
- C. മുഹമ്മദ് നബി (സ) യുടെ
- D. മക്കക്കാരുടെ

**62) അൽ ഹുസ്നാ ' എന്ന പ്രയോഗം ആയത്തിൽ വന്നുവല്ലോ. എന്താണ് അൽ ഹുസ്നാ എന്നതുകൊണ്ടുദ്ദേശിക്കുന്നത് ??**

- A. ഏറ്റവും നല്ലത്
- B. ഏറ്റവും തഖ്‌വ പാലിക്കുന്നവർ
- C. സ്വർഗീയ അനുഗ്രഹങ്ങൾ
- D. സൽ കർമ്മങ്ങൾ

**63) സംതൃപ്തിയും മനഃസമാധാനവും കൂടാതെയുള്ള സമ്പത്തിനേക്കാൾ ഉത്തമം അവയോടുകൂടിയുള്ള ദാരിദ്ര്യമാകുന്നു. ഈ പ്രസ്താവന ........ ?**

- A. ഇസ്ലാമിക വീക്ഷണമല്ല
- B. ഹദീസിന്റെ സാരത്തോട് യോജിക്കുന്നതാണ്
- C. കൂടുതൽ സമ്പത്ത് നേടുന്നതിനെ നിരുത്സാഹപ്പെടുത്തുന്നു
- D. സൂഫി ചിന്താഗതിക്കാരുടെ നിലപാടാണ്

## 64) അപ്പോൾ, ഈ വർത്തമാനത്തെ സംബന്ധിച്ചാണോ നിങ്ങൾ ആശ്ചര്യപ്പെട്ടു കൊണ്ടിരിക്കുന്നത്? 'ഈ വർത്തമാനം' എന്നു പറഞ്ഞതു എന്തിനെ ഉദ്ദേശിച്ചാണ് ?

- A. അന്ത്യനാളിനെ
- B. മരണാന്തര ജീവിതത്തിലെ രക്ഷാ ശിക്ഷകളെ
- C. അന്ത്യനാൾ ആസന്നമായിരിക്കുന്നു എന്നതിനെ
- D. ഖുർആനെ

## 65) അതിന്റെ സംഭവ്യത നിഷേധിക്കുന്ന ഒന്നും തന്നെ ഇല്ല', പ്രസ്തുത വചനം വന്നിട്ടുള്ളത് ഏത് സൂറത്തിലാണ് ?

- A- ഖാരിഅ
- B- നബഅ്
- C- ഖിയാമ
- D- ഇവയൊന്നുമല്ല

## 66) നബിമാർ, സിദ്ധീഖുകൾ, ശഹീദുകൾ, സ്വാലിഹുകൾ എന്നിവർ ഉൾപ്പെടുന്ന വിഭാഗമാണ് ..........

- A- أَصْحَابُ الْمَيْمَنَة
- B- السَّابِقُون
- C- أَصْحَابُ الْيَمِين
- D- എല്ലാം ശരിയാണ്

## 67) ഹേ, വ്യാജവാദികളായ ദുർമ്മാർഗ്ഗികളേ എന്ന് വിളിച്ചിട്ട് തൊട്ടു താഴെ അല്ലാഹു പറയുന്നത് എന്താണ് ?

- A- ഒരുമിച്ചുകൂട്ടി വിചാരണക്ക് വിധേയമാകുന്നവർ തന്നെ
- B- ചുട്ടുതിളക്കുന്ന വെള്ളത്തിൽനിന്നു കുടിക്കുന്നവരായിരിക്കും

- C- സഖ്ഖുമാകുന്ന ഒരു വൃക്ഷത്തിൽ നിന്നു തിന്നുന്നവരാകുന്നു
- D- എന്തുകൊണ്ട് നിങ്ങൾ ശരിവെച്ചു സത്യമാക്കുന്നില്ല?

### 68) "എങ്കിലും അതു മഹത്വമേറിയ ഒരു ഖുർആനാകുന്നു, 'ലൗഹുൽ മഹ്ഫൂളിലാണുള്ളത്" എന്ന വചനം ഉകൊള്ളുന്ന അദ്ധ്യായം ........

- A-അൽ വാഖിഅ
- B- അൽ ബുറൂജ്
- C- ശുഅറാഅ
- D-എ യും ബി യും ശരിയാണ്

### 69) ഇടതു ഭാഗക്കാരുടെ സ്വഭാവദൂഷ്യങ്ങൾ ആയത്തുകളിൽ വന്നതിൽ ......................... ഉൾപ്പെടുന്നില്ല

- A. ഇഹത്തിൽ സുഖലോലുപൻമാർ
- B. വമ്പിച്ച തെറ്റുകുറ്റത്തിൽ ശഠിച്ചു നിൽക്കുന്നവർ
- C. മരണാനന്തര ജീവിതത്തെ നിഷേധിക്കുന്നവർ
- D. മതത്തെ കളവാക്കുന്നവർ

### 70) ജിന്നുകളുടെ സൃഷ്ടിപ്പ് ........... ൽ നിന്നാണെന്ന് മനസിലാക്കാം

- A. അഗ്നിയുടെ ജ്വാല കലരാത്ത ശുദ്ധമായ പുക
- B. രോമക്കുത്തുകളിൽ തുളഞ്ഞു കയറുന്ന അത്യുഷ്ണമായ തീ
- C. അഗ്നിയുടെ കരിമ്പുകയിൽ നിന്ന്
- D. എല്ലാം ശരിയാണ്

### 71) കുറ്റവാളികൾ ചുറ്റി അലയുമെന്ന് പറഞ്ഞത് ......... ?

- A. നരകത്തിലെ അഗ്നിയുടെ പുഴ വക്കിലൂടെ
- B. നരകത്തിന്റെയും ഉഷ്ണമേറിയ ചുട്ടുതിളക്കുന്ന വെള്ളത്തിന്റെയും ഇടയിൽ
- C. കയ്യാമങ്ങൾ തലകളിലേക്ക് ബന്ധിപ്പിച്ച നിലയിൽ
- D. ഇരുമ്പിന്റെ ദണ്ഡുകൾക്കും വസ്ത്രങ്ങൾക്കുമിടയിലൂടെ

## 72) താഴെ നൽകിയവയിൽ ഒറ്റപ്പദം കൊണ്ടുള്ള ആയത്താണ് (ഏറ്റവും ചെറിയആയത്താണ് ) ..............

- ☐ A. റഹ്മാൻ 48
- ☐ B. റഹ്മാൻ 64
- ☐ C. റഹ്മാൻ 26
- ☐ D. റഹ്മാൻ 2

## 73) പൂക്കളെയും ഫലങ്ങളെയും പൊതിഞ്ഞുനിൽക്കുന്ന പോളകൾക്കും, കുലകളെ പൊതിഞ്ഞു നിൽക്കുന്ന പാളകൾക്കുമാണ് ........................ എന്നു പറയുന്നത്

- ☐ A. الانام (അനാമ്)
- ☐ B. العصف (അസ്'ഫ്)
- ☐ C. ريحان (റൈഹാൻ)
- ☐ D. اكمام (അക്മാമ്)

## 74) ധനം കൊണ്ടും ദേഹം കൊണ്ടും 'വിജയ'ത്തിന് മുമ്പ് ചിലവഴിച്ചവരും ശേഷം ചിലവഴിച്ചവരും എന്തുകൊണ്ടാണ് പദവിയിൽ ഒരു പോലെയാകാത്തത് ?

- ☐ A- കഷ്ട നഷ്ടങ്ങളിൽ ഏറ്റ വ്യത്യാസമുള്ളതിനാൽ
- ☐ B-വിജയത്തിന് മുമ്പ് ആളുകൾ കുറവായതിനാൽ
- ☐ C- പ്രതിസന്ധികളിൽ ത്യാഗം കൂടുതൽ ചെയ്തതിനാൽ
- ☐ D-എല്ലാം ശരിയാണ്

## 75) ഇത് ഞെരുക്കം ഏറിയ ദിവസമാകുന്നു' ഇത് ആരുടെ വാക്കായിട്ടാണ് ആയത്തിൽ വന്നിട്ടുള്ളത് ?

- ☐ A- അവിശ്വാസികൾ
- ☐ B- അക്രമകാരികൾ
- ☐ C- അധർമകാരികൾ
- ☐ D- അസത്യവാദികൾ

## 76) സഖ് ഫിൽ മർഫൂഅ السقف المرفوع എന്നത് കൊണ്ടുള്ള ഉദ്ദേശ്യം എന്ത്?

- A- ഉയർത്തപ്പെട്ട മേൽപുര
- B- സൂക്ഷിക്കപ്പെട്ട മേൽപുര
- C- അന്തരീക്ഷം
- D- ആകാശം

## 77) താഴെ നൽകിയ പദങ്ങളിൽ മൂന്ന് പദങ്ങൾ ഒരേ ആയത്തിൽ നിന്നാണ്. ഒറ്റപ്പെട്ട പദം തിരഞ്ഞെടുക്കുക

- A.അദാബുൻ ഷദീദ് عَذَابٌ شَدِيد
- B.മഗ്ഫിറത് مَغْفِرَة
- C. രിള്'വാൻ رِضْوَان
- D. റഹ്മത് رَحْمَة

## 78) സത്യവിശ്വാസികളിൽ തന്നെ ശിക്ഷാർഹമായ പാപങ്ങൾ ചെയ്തവരുടെ സ്ഥിതി എന്തായിരിക്കുമെന്നാണ് നബിവചനങ്ങളിൽനിന്നും വ്യക്തമാകുന്നത് ?

- A.പാപങ്ങൾ ചെയ്തവർ സത്യവിശ്വാസികൾ എന്ന ഗണത്തിൽ തന്നെ ഉൾപെടുകയില്ല, അവർ നരകത്തിൽ നിത്യവാസികൾ ആയിരിക്കും
- B.നബി വചനങ്ങൾ പ്രകാരം അവർക്ക് മാപ്പു നൽകപ്പെടാനും നൽകപ്പെടാതിരിക്കാനും സാധ്യതയുണ്ട്, നരകകത്തിലെത്തിയാൽ സ്വർഗ്ഗ പ്രവേശനത്തിന് അവർക്ക് അല്ലാഹുവിനോട് പ്രാർത്ഥിക്കുക മാത്രമാണ് പോംവഴി
- C. ആ പാപങ്ങൾക്കുള്ള ശിക്ഷ അവർ നരകത്തിൽ വെച്ച് അനുഭവിക്കേണ്ടിവരികയും അതവസാനിച്ചശേഷം അവർക്ക് ശാശ്വതമായ സ്വർഗീയ ജീവിതം നൽകപ്പെടുന്നതാണ്
- D. എല്ലാം തെറ്റാണ്

## 79) ഇരുമ്പ് ഇറക്കിയത് എന്തിനാണെന്ന് ആയത്തിൽ പ്രസ്താവിച്ചിട്ടുള്ളതിൽ .................... ഉൾപ്പെടുന്നില്ല

- A.സത്യാസത്യങ്ങളും ന്യായാന്യായങ്ങളും കണക്കാക്കുക
- B.കഠിനമായ ആയോധന ശക്തി

- C. ജനങ്ങൾക്കു പല ഉപയോഗങ്ങൾ
- D. അല്ലാഹുവിനെയും റസൂലുകളെയും അദൃശ്യമായ നിലയിൽ സഹായിക്കുന്നത് ആരാണെന്നവനറിയാൻ

## 80) "അത് എല്ലാറ്റിന്റെയും തലയാണ്" ; എന്ത് ?

- A.അല്ലാഹുവിനോട് ഭയഭക്തി കാണിക്കൽ
- B.അല്ലാഹുവിന്റെ ദിക്റു ചെല്ലൽ
- C. ഖുർആൻ പാരായണം
- D. ജിഹാദുൻ ഫീ സബീലില്ലാഹ്

## 81) ഇന്ന് യാതൊരു തെണ്ടവും സ്വീകരിക്കപ്പെടുന്നതല്ല"; ആരിൽ നിന്ന് ഒരു പ്രായശ്ചിത്തവും സ്വീകരിക്കപ്പെടുന്നതല്ല എന്നാണ് പാഠഭാഗത്തെ ആയത്തിൽ വന്നിട്ടുള്ളത് ?

- A.അവിശ്വസിച്ചവരിൽ നിന്ന്
- B.കപടവിശ്വാസികളിൽ നിന്ന്
- C. വേദക്കാരിൽ നിന്ന്
- D. എ യും ബി യും ശരിയാണ്

## 82) ആയിരം ആയത്തുകളേക്കാൾ ശ്രേഷ്ഠമായിട്ടുള്ളവ എന്നതിനോട് യോജിക്കുന്ന ഗ്രൂപ്പ് ഏത് ?

- A. സൂ: ഹദീദ് ആയത്ത് 1 , 3 , സൂ: ഹശ്ർ
- B. സൂ: ഹദീദ് ആയത്ത് 3 , സൂ: ഹശ്റിന്റെ അവസാന ഭാഗങ്ങൾ
- C. സൂ: ഹശ്റിന്റെ ആദ്യ ഭാഗങ്ങൾ, സൂ: ഹദീദിന്റെ അവസാന ഭാഗങ്ങൾ
- D. സൂ: അഅലാ, സൂ: തഗാബുൻ, സൂ: സ്വഫ്ഫ്, സൂ: ഹാഖ

## 83) സ്വർഗീയ സ്ത്രീകളായ حور عين നെ പരാമർശിച്ചതുമായി ബന്ധപ്പെട്ട് ശരിയായത് തിരഞ്ഞെടുക്കുക

- A. മുത്തഖീങ്ങൾക്കുള്ള പ്രതിഫലമായി സൂ:അത്തൂരിൽ വന്നിട്ടുണ്ട്
- B.വലതുപക്ഷകർക്കുള്ള പ്രതിഫലമായി സൂ:വാഖിഅയിൽ വന്നിട്ടുണ്ട്
- C. സ്വർഗീയ സ്ത്രീകളെ പരിചയപെടുത്തികൊണ്ട് സൂ:റഹ്മാനിൽ വന്നിട്ടുണ്ട്
- D. എ ശരിയാണ്, സി തെറ്റാണ്, ബി യും ശരിയാണ്

## 84) ഹൂറുൻ മഖ്സൂറാത് حُورٌ مَّقْصُورَٰتٌ എന്നാൽ ...............

- A -കൂടാരങ്ങളിലെ ഘോഷാസ്ത്രീകൾ
- B- നിയന്ത്രിക്കപ്പെട്ടിട്ടുള്ള ഘോഷാസ്ത്രീകൾ
- C- കൂടാരത്തിൽ ഒരു തരുണീമണി
- D- നിയന്ത്രിക്കപ്പെട്ടിട്ടുള്ള വെളുത്ത ഭംഗിയുള്ള മെയ്യാമണികൾ

## 85) "മരണാസന്നവേളയിൽ എന്തുകൊണ്ടു മരണപ്പെടുന്നവന്റെ ജീവനെ നിങ്ങൾ മടക്കിയെടുക്കുന്നില്ല"? എന്ന് മരണാന്തര ജീവിതത്തെയും അനന്തര നടപടികളെയും നിഷേധിക്കുന്നവരെ അല്ലാഹു വെല്ലുവിളിക്കുന്ന വചനമേത് ?

- A - വാഖിഅഃ 68 മുതൽ 70 വരെ
- B- വാഖിഅഃ 83 മുതൽ 87 വരെ
- C- വാഖിഅഃ 58 മുതൽ 62 വരെ
- D- വാഖിഅഃ 88 മുതൽ 90 വരെ

## 86) ഈമാൻ ഹൃദയത്തിലുള്ള വിശ്വാസം ആണെങ്കിൽ ............ ആ വിശ്വാസമനുസരിച്ചുള്ള പ്രവർത്തനമാണ്

- A. ഇബാദത്ത്
- B. ഇസ്‌ലാം
- C. ഇഹ്സാൻ
- D. ഇത്വാഅത്ത്

## 87) താഴെ നൽകിയതിൽ പാഠഭാഗത്ത് പരാമർശിക്കാത്ത വചനം ഏതാണ് ?

- A. നിങ്ങൾ ചിരിച്ചു കൊണ്ടിരിക്കുകയും കരയാതിരിക്കുകയും ചെയ്യുന്നതും
- B. അതല്ല , മനുഷ്യന് അവൻ വ്യാമോഹിക്കുന്നത് (ഒക്കെ) ഉണ്ടെന്നോ ?
- C. അവൻ തന്നെയാണ് ചിരിപ്പിക്കുകയും കരയിപ്പിക്കുകയും ചെയ്യുന്നത്
- D. അതിനാൽ നിങ്ങൾ കുറച്ചു ചിരിക്കുക, കൂടുതൽ കരയുക

## 88) ജാലം , കവിത, ജോത്സ്യം, ഭ്രാന്ത് എന്നിങ്ങനെ പ്രവാചകനെ പലതും പറഞ്ഞതിൽ നിന്ന് നമുക്ക് മനസിലാക്കാൻ കഴിയുന്ന ഒരു കാര്യമാണ് ......... ?

- A. ഇതൊന്നും പ്രവാചകനെതിരെ ശത്രുക്കൾ ആക്ഷേപിച്ച കാര്യങ്ങളേ അല്ല
- B. ഇതെല്ലാം പ്രവാചകനെതിരെ ഒരേ സ്വരത്തിൽ ഒറ്റക്കെട്ടായി ശത്രുക്കൾ പറഞ്ഞതാണ്
- C. ഇതെല്ലാം പ്രവാചകനിൽ നിന്ന് മക്കക്കാർക്ക് പലപ്പോഴായി അനുഭവപ്പെട്ട കാര്യങ്ങളാണ്
- D. പ്രവാചകനെതിരെയുള്ള സത്യനിഷേധികളുടെ വിമർശനം ഐക്യ രൂപത്തിലോ സ്ഥിര സ്വഭാവമുള്ളതോ ആയിരുന്നില്ല

## 89) "ഇതൊരു ആശ്ചര്യകരമായ വസ്തുത തന്നെ " ഈ വാക്കുകൾ ആരുടേതാണ് ?

- A. സാറ ബീവി
- B. ഇബ്റാഹിം നബി
- C. മലക്കുകൾ
- D. എ യും ബി യും ശരിയാണ്

## 90) നബി(സ) ജിബ് രീലിനെ കണ്ടതുമായി ബന്ധപ്പെട്ട പരാമർശങ്ങളിൽ തെറ്റായത് ഏതാണ് ?

- A. സിദ് റത്തുൽ മുൻതഹ യുടെ അടുക്കലാണ് സ്വർഗം കുടി കൊള്ളുന്നത്
- B. നബി(സ) ജിബ് രീലിനെ ആദ്യം കണ്ടത് മക്ക ഭൂമിയിൽ വെച്ചാണ്
- C. സിദ് റത്തുൽ മുൻ തഹയുടെ അടുക്കൽ വെച്ച് നബി(സ) ജിബ് രീലിനെ കണ്ടത് സാക്ഷാൽ രൂപത്തിലാണ്
- D. നബി(സ) രണ്ടേ രണ്ട് പ്രാവശ്യമാണ് ജിബ് രീൽ(അ)നെ അടുത്തുവെച്ച് കണ്ടിട്ടുള്ളത്

## 91) പാപങ്ങളുടെ ഗണങ്ങളെ പറ്റി പറഞ്ഞതിൽ ഏറ്റവും ശരിയായ പ്രസ്താവന ഏതാണ് ?

- A. കർശനമായി വിരോധിച്ച എല്ലാ കാര്യങ്ങളുമാണ് اللَّمَمَ
- B. സാധാരണ ഗതിയിൽ വന്നു പിണഞ്ഞേക്കാവുന്ന ലഘുവായ തെറ്റുകുറ്റങ്ങളാണ് كَبَائِرَ الْإِثْمِ

- C.كَبَائِرَ الْإِثْمِ ൽ പെട്ട കാര്യങ്ങളെല്ലാം فَوَاحِشَകളിലും ഉൾപ്പെടുന്നു

- D. സാധാരണ ഗതിയിൽ സംഭവിക്കുന്ന എല്ലാ വൻ പാപങ്ങളും ചെറു പാപങ്ങളും لَمَمَ ൽ ഉൾപ്പെടുന്നു

## 92) തലകീഴായി മറിക്കപ്പെട്ട രാജ്യത്തിന്റെ വിശേഷണങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ് ?

- A. ചൂളക്കല്ലുകൾ കൊണ്ടുള്ള മഴ വർഷിപ്പിക്കപ്പെട്ടു
- B. ചീത്ത മഴ വർഷിപ്പിക്കപ്പെട്ടു
- C. ആവരണം ചെയ്തതൊക്കെ ആവരണം ചെയ്തു
- D. ഭൂമിയിൽ നിന്ന് കുഴിച്ചുമൂടി

## 93) "മനുഷ്യരേ, അതുകൊണ്ടു നിങ്ങൾ അല്ലാഹുവിനു ................ ; ആരാധനയും ചെയ്യുവിൻ"

- A. തസ്ബീഹുകൾ
- B. സ്ത്രോത്ര കീർത്തനങ്ങൾ
- C. സുജൂദ്
- D. ഇബാദത്

## 94) 'അതിന്റെ സംഭവ്യത നിഷേധിക്കുന്ന ഒന്നും തന്നെ ഇല്ല', എന്താണ് ആയത്തിൽ നിന്നും വ്യക്തമാകുന്നത് ?

- A- ലോകാവസാനത്തിന്റെ സംഭവ്യത അനിശ്ചിതമാണ്
- B- ഖിയാമത്തെന്ന മഹാസംഭവം സംഭവിക്കുമ്പോൾ അതിനെ നിഷേധിക്കുവാനോ വ്യജമാക്കുവാനോ, തടയുവാനോ ആർക്കും സാധ്യമല്ല.
- C- ഏതൊരു ദൃഷ്ടാന്തം കണ്ടാലും അതു ജാലമെന്നും മറ്റും പറഞ്ഞ് തള്ളിക്കളയുക പതിവാണ്
- D- എല്ലാം ശരിയാണ്

## 95) കൂട്ടത്തിൽ ഉൾപെടാത്തത് ഏത് ?

- A- സാമീപ്യം സിദ്ധിച്ചവർ
- B- സുഖാനുഭവത്തിന്റെ സ്വർഗം
- C- ഒടുവിലുള്ളവരിൽ നിന്ന് വലിയ കൂട്ടം

- D- മടഞ്ഞുണ്ടാക്കപ്പെട്ട കട്ടിലുകളിന്മേൽ ചാരിയിരുന്നു കൊണ്ട്

## 96) മീഖാത്തി യൗമിൻ മഉലൂം مِيقَٰتِ يَوْمٍ مَّعْلُومٍ എന്ന് പ്രയോഗിച്ചത് എന്തിനെ ഉദ്ദേശിച്ചിട്ടാണ് ?

- A- എല്ലവരുടെയും അവധി നിശയിച്ചിട്ടുള്ള മരണസമയത്തെ
- B- അന്ത്യനാളിനെ
- C- സമൂദ് ഗോത്രത്തിലെ ഒട്ടകത്തിനും നാട്ടുകാർക്കും വെള്ളം കുടിക്കാൻ പ്രത്യേകം പ്രത്യേകം ഊഴം നിശ്ചയിച്ചത്
- D- മൂസ നബിയോട് മത്സരിക്കാൻ സാഹിറുകൾ ഒരുമിച്ച് കൂട്ടിയ സമയത്തെ

## 97) മവാഖിഇന്നുജൂം مَوَٰقِعِ ٱلنُّجُومِ എന്നതിന്റെ ഉദ്ദേശ്യങ്ങളിൽ വരാത്തത് ഏത് ?

- A. നക്ഷത്രങ്ങൾ അസ്തമിക്കുന്ന സ്ഥാനങ്ങൾ
- B. നക്ഷത്രങ്ങളുടെ സഞ്ചാര പദങ്ങൾ
- C. നക്ഷത്രങ്ങളുടെ ചലനമണ്ഡലങ്ങൾ
- D. നക്ഷത്രങ്ങൾ വീഴുന്ന സ്ഥാനങ്ങൾ തന്നെയാണ് സത്യം

## 98) മുൻകടന്നവർക്കും വലതു പക്ഷക്കാർക്കും സ്വർഗ്ഗങ്ങളിൽ ഉണ്ടാകുന്ന ചില സുഖാനുഗ്രഹങ്ങളെ താഴെ നൽകിയിരിക്കുന്നു, അവയിൽ വലതു പക്ഷക്കാർക്കുള്ളതായി ആയത്തിൽ വന്നത് ...............

- A. സുററൂരിൻ മൗളൂനത് سُرُرٍ مَّوْضُونَةٍ
- B. മാഇൻ മസ്കൂബ് مَآءٍ مَّسْكُوبٍ
- C. കഅ്സിൻ മിൻ മഈൻ كَأْسٍ مِّن مَّعِينٍ
- D. ലഹ്മി ത്വയ്ർ لَحْمِ طَيْرٍ - പക്ഷിമാംസം

## 99) മനുഷ്യനെ സൃഷ്ടിപ്പുമായി ബന്ധപ്പെട്ട് സൂറത്തുൽ റഹ്മാനിൽ വന്നത് ഏതാണ് ?

- A. കളിമണ്ണിൽ നിന്ന്
- B. പശിമയുള്ള കളിമണ്ണിൽ നിന്ന്
- C. കളിമണ്ണിന്റെ സത്തിൽ നിന്ന്

- D. ചൂളവെക്കപ്പെട്ട ചിലപ്പുള്ള മണ്ണിൽ നിന്ന്

## 100) താഴെ നൽകിയതിൽ കുറ്റവാളികളുടെ ശിക്ഷയുമായി ബന്ധപ്പെട്ട് സൂറത്തുൽ റഹ്‌മാനിൽ വന്നത് ഏതാണ് ?

- A. ആമങ്ങളാലും, ചങ്ങലകളാലും ബന്ധിക്കപ്പെട്ടുകൊണ്ടു അവർ ചുട്ടുതിളക്കുന്ന വെള്ളത്തിൽ വലിച്ചിഴക്കപ്പെടും
- B. നരകത്തിൽ ഇട്ടു കത്തിക്കപ്പെടും
- C. സഖ്‌ഖൂമാകുന്ന വൃക്ഷത്തിൽനിന്നും അവർ തിന്നുകയും, പിന്നീടു അതിനുമീതെ ചുട്ടുതിളച്ച വെള്ളം കുടിക്കേണ്ടി വരികയും ചെയ്യും
- D.നരകത്തിന്റെയും ഉഷ്ണമേറിയ ചുട്ടുതിളക്കുന്ന വെള്ളത്തിന്റെയും ഇടയിൽ ഇടയിലായി അവർ ചുറ്റി അലയും

## 101) താഴെ നൽകിയവയിൽ ഒറ്റപ്പദം കൊണ്ടുള്ള രണ്ടു ആയത്തുകളാണ് (ഏറ്റവും ചെറിയ രണ്ടു ആയത്തുകളാണ്) ..............

- A. റഹ്‌മാൻ 48, റഹ്‌മാൻ 2
- B. റഹ്‌മാൻ 64, റഹ്‌മാൻ 62
- C. റഹ്‌മാൻ 1, റഹ്‌മാൻ 2
- D. റഹ്‌മാൻ 1, റഹ്‌മാൻ 64

## 102) ................ എന്നാൽ സൃഷ്ടികൾ, അഥവാ മനുഷ്യനടക്കമുള്ള എല്ലാ ജീവികളുമാകുന്നു

- A. الانام (അനാമ്)
- B. العصف (അസ്‌'ഫ്)
- C. ريحان (റൈഹാൻ)
- D. اكمام (അക്‌മാമ്)

## 103) 'വിജയത്തിന് മുമ്പ്' എന്ന് ആയത്തിലെ വിജയത്തിലേക്ക് വഴി തുറന്ന സംഭവമേത്?

- A- ഹുദൈബിയ സംഭവം
- B-ബദർ യുദ്ധം
- C- മക്ക വിജയം

- D-എല്ലാം ശരിയാണ്

## 104) ഏത് പർവതത്തിൻ്റെ ചെരുവിൽ വെച്ചാണ് നൂഹ് നബിയുടെ കപ്പലിൻ്റെ അവശിഷ്ടം കണ്ടെത്തിയത്?

- A- അറാറത്
- B- ജൂദി
- C- സീനാ
- D- ത്വുവാ

## 105) വരിയായി ക്രമീകരിച്ച് എഴുതപ്പെട്ട ഗ്രന്ഥം എന്നാൽ ------?

- A- ഇഞ്ചീൽ
- B- സബൂർ
- C- തൗറാത്തും ഇഞ്ചീലും
- D- ഖുർആനും തൗറാത്തും ഉൾപ്പെടെയുള്ള വേദഗ്രന്ഥങ്ങൾ.

## 106) ആയത്തിലെ അൽ ഗുറൂറ് الْغُرُورِ എന്നത് യോജിക്കുന്നത് ...................

- A.പിശാച്
- B.മഹാ വഞ്ചകൻ
- C. ഇഹലോകജീവിതം
- D. എ യും ബി യും ശരിയാണ്

## 107) താഴെ നൽകിയവയിൽ ശരിയേത് ?

- A.റസൂൽ(സ) യെ ഒഴികെ ബാക്കിയുള്ളവരാരും തന്നെ അല്ലാഹുവിന്റെ കാരുണ്യം കൊണ്ടല്ലാതെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയില്ല
- B.സത്യവിശ്വാസം സ്വീകരിച്ചശേഷം കർമ്മപരമായി മഹാപാപം ചെയ്തവരെല്ലാം അവിശ്വാസികളാണ്
- C. സജ്ജനങ്ങൾക്ക് അല്ലാഹു സ്വർഗ്ഗം നൽകുകയും അവരെ നരകത്തിൽനിന്നു രക്ഷിക്കുകയും ചെയ്യുന്നതാണ്
- D. എല്ലാം ശരിയാണ്

## 108) ജനങ്ങൾക്കു പല ഉപയോഗങ്ങളും ഉണ്ട് എന്ന് ആയത്തിൽ പറഞ്ഞിട്ടുള്ളത് .............

- A.കാലികൾ
- B.ഒട്ടകം
- C. ഇരുമ്പ്
- D. എല്ലാം ശരിയാണ്

## 109) മൂന്നു കൂട്ടർക്ക് അവരുടെ പ്രതിഫലം രണ്ടുപ്രാവശ്യം നൽകപ്പെടും, ഹദീസിൽ പ്രസ്താവിച്ച പ്രസ്തുത കൂട്ടരിൽ ഉൾപ്പെടാത്തത് തിരഞ്ഞെടുക്കുക

- A.പ്രവാചകനിൽ വിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ ശഹീദാവുകയും ചെയ്ത പോരാളി
- B.അവരുടെ പ്രവാചകനും പിന്നീട് റസൂൽ(സ)യിലും വിശ്വസിച്ച വേദക്കാരിൽപെട്ട മനുഷ്യൻ
- C. അല്ലാഹുവിനോടുള്ള കടമയും യജമാനൻമാരോടുള്ള കടമയും നിർവ്വഹിച്ച അടിമ
- D. തന്റെ അടിമസ്ത്രീക്ക് മര്യാദ ശീലിപ്പിക്കുകയും പിന്നീട് അവളെ വിവാഹം കഴിക്കുയും ചെയ്തവൻ

## 110) അതത്രെ നിങ്ങൾക്ക് ഏറ്റവും യോജിച്ച ബന്ധു; ആയത്തിൽ ഉദ്ദേശിച്ചിട്ടുള്ളത് എന്തിനെയാണ് ?

- A.പിശാച്
- B.മഹാ വഞ്ചകൻ
- C. നരകം
- D. എ യും ബി യും ശരിയാണ്

## 111) കിതാബിൻ മസ്തൂർ كِتَٰبٍ مَّسْطُورٍ എന്നാൽ .......................... എന്നാണ് അർത്ഥമാക്കുന്നത്

- A. തുറന്നു വിരുത്തിവെക്കപ്പെട്ട തോലിൽ എഴുതപ്പെട്ട ഗ്രന്ഥം
- B. വരിയായി ക്രമീകരിച്ച് എഴുതപ്പെട്ട ഗ്രന്ഥം
- C. മേന്മയുള്ളതും വിരുത്തിവെക്കപ്പെട്ട എഴുതപ്പെട്ടതുമായ ഗ്രന്ഥങ്ങൾ

- D. മുകളിൽ നൽകിയ എല്ലാം ശരിയാണ്

## 112) തെറ്റായ ജോഡി കണ്ടെത്തുക

- A. ലുഉലുഉൻ മക്നൂൻ لُؤْلُؤٌ مَّكْنُونٌ - ചിപ്പിയിൽ സൂക്ഷിച്ചുവെക്കപ്പെട്ട മുത്ത്
- B. കഅസൻ ലാ ലഗ്‌വുൻ كَأْسًا لَّا لَغْوٌ - കുറ്റകരമില്ലാത്ത (മദ്യം നിറക്കപ്പെട്ട) കോപ്പ
- C. ഫാകിഹതിൻ വ ലഹ്മിൻ فَٰكِهَةٍ وَلَحْمٍ - പഴവർഗ്ഗവും മാംസവും
- D. അധാബ സ്സമൂമ് عَذَابَ ٱلسَّمُومِ - സുഷിരങ്ങളിൽ കടന്നുചെല്ലുന്ന (അത്യുഷ്ണമായ) അഗ്നിശിക്ഷ

## 113) റുജ്ജത്തിൽ അർള് رُجَّتِ ٱلْأَرْضُ എന്നും ബുസ്സത്തിൽ ജിബാൽ بُسَّتِ ٱلْجِبَالُ എന്നതുകൊണ്ടും ഉദ്ദേശിക്കുന്നത് യഥാക്രമം ....................

- A - ഭൂമി ശക്തമായ പ്രകമ്പനം കൊള്ളുക, പർവ്വതങ്ങൾ കടഞ്ഞ ആട്ടിൻ രോമം പോലെയാവുക
- B- ഭൂമി കഠിനമായി വിറപ്പിക്കപ്പെടുക, മലകൾ പൊടിച്ചു നുറുക്കപ്പെടുക
- C- ഭൂമി കഠിനമായി വിറപ്പിക്കപ്പെടുക, മലകൾ ധൂളിയായിത്തീരുക
- D- ഭൂമി പ്രകമ്പനം കൊള്ളിക്കപ്പെടുക, പർവ്വതങ്ങൾ പൊടിച്ചു ധൂളിയായിത്തീരുക

## 114) ആദു ഗോത്രം വ്യാജമാക്കിയപ്പോൾ കടുത്ത ശിക്ഷ നൽകിക്കൊണ്ട് അടിയോടെ പിഴുതെറിയപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട ആയത്തുകൾ പരിശോധിച്ച് ശരിയായ ഗ്രൂപ്പ് കണ്ടെത്തുക.

- A. ദുശ്ശകുനത്തിന്റെ ഒരു കാറ്റ് رِيحًا صَرْصَرًا
- B. കടപുഴങ്ങിവീണ പറിച്ചെറിയും മുരടുകളെന്നോണം أَعْجَازُ نَخْلٍ مُّنقَعِرٍ
- C. മുറിഞ്ഞുപോകാതെ നിലനിൽക്കുന്ന ശിക്ഷയുടെ ദിവസത്തിൽ فِى يَوْمِ نَحْسٍ مُّسْتَمِرٍّ
- D. എല്ലാം തെറ്റാണ്

## 115) ഫിർഔൻ തന്റെ ആളുകളുമായി അഹങ്കരിച്ചുകൊണ്ട് പിന്തിരിഞ്ഞു എന്നതിന് പ്രയോഗിച്ചതാണ് ...........

- A. തവല്ലാ ബി റുക്നിഹി
- B. തവല്ലാ വ കഫർ
- C. ഫനബദ ഫിൽ യെമ്മി

- D. ബി റുക്നിഹി

### 116) മത വിരോധികളെ അനുകരിച്ചു കൊണ്ട് ബിദ്അത്തിന്റെ കക്ഷികളായ ചിലരും ചന്ദ്രൻ പിളർന്നതിനെ നിഷേധിച്ചിരിക്കുന്നു , എന്നാൽ ബുദ്ധി അതിനെ നിഷേധിക്കുന്നില്ല ഇത് ആരുടെ വാക്കുകളാണ് ?

- A. അബൂ ഇസ്ഹാഖ് സജ്ജാദ്
- B. ഇമാം ഇബ്നു ഹജർ അൽ അസ്ഖലാനി
- C. ഇമാം നവവി
- D. അല്ലാമ ഷൗകാനി

### 117) ഒരു വിഭാഗത്തെ പറ്റി അവർ കൊല്ലപ്പെടട്ടെ എന്ന് അല്ലാഹു പറയാനുള്ള കാരണങ്ങളിൽപ്പെട്ടതാണ് ........

- A. അവർ കൊലപാതകങ്ങൾക്ക് ആക്രോശിച്ചവരാണ്
- B.. അവർ അന്യായമായി രക്തം ചിന്തിയവരാണ്
- C. അവർ ഊഹിച്ചും മതിപ്പിട്ടും കള്ളം പറഞ്ഞവരാണ്
- D. അവർ അവരുടെ തന്റെടം കാരണം സത്യങ്ങളെ പുച്ഛിച്ചു തള്ളിയവരാണ്

### 118) ഇബ്രാഹിം നബിയുടെ വീട്ടിലേക്ക് വന്ന മലക്കുകളുടെ ഉദ്ദേശ്യങ്ങളിൽ ഉൾപെടാത്തതാണ് .......

- A. ഇസ്ഹാഖ് നബിയെ പറ്റി സന്തോഷ വാർത്ത അറിയിക്കാൻ
- B. യഅകൂബ് നബിയെ പറ്റി സന്തോഷ വാർത്ത അറിയിക്കാൻ
- C. ലൂത് നബിയുടെ ജനതയെ നശിപ്പിക്കാൻ
- D. ഇസ്മായിൽ നബിയെ പറ്റി സന്തോഷ വാർത്ത അറിയിക്കാൻ

### 119) സിദ് റത്തുൽ മുൻ തഹ എന്നാൽ ............ എന്നാണ് വാക്കർത്ഥം

- A. ഇലന്ത വൃക്ഷം
- B. സ്വർഗത്തിലെ വൃക്ഷം
- C. അറ്റത്തെ ഇലന്ത വൃക്ഷം
- D. സ്വർഗത്തിലെ ഇലന്ത വൃക്ഷം

**120) ഇബ്രാഹിം നബിയെ വിശേഷിപ്പിച്ചത് ............. എന്ന് പറഞ്ഞു കൊണ്ടാണ്**

- A. കടമകൾ നിറവേറ്റിയ
- B. നന്ദിയുള്ള ദാസനായ
- C. അനുസരണ ശീലമുള്ള
- D. പരീക്ഷണത്തിൽ വിജയിച്ച

**121) ................എന്ന വാക്കിനു 'ധന്യമാക്കി, ഐശ്വര്യം നൽകി, ധനം കൊടുത്തു, ആശ്രയമില്ലാതാക്കി, പര്യാപ്തമാക്കി' എന്നൊക്കെ അർത്ഥങ്ങൾ വരുന്നതാണ്**

- A. اقنى (അഖ്നാ)
- B. اغنى (അഗ്നാ)
- C. غِنَي (ഗിനാ)
- D. قنى (ഖിനാ )

**122) "അപ്പോൾ ആർ ഒരു അണുവോളം ഗുണം ചെയ്യുന്നുവോ അവൻ അതു കാണും, ആർ ഒരു അണുവോളം ദോഷം ചെയ്യുന്നുവോ അവൻ അതും കാണും". ഇത് ...............**

- A. സൂറത്തുൽ നജ്മിലെ വചനമാണ്
- B. ഹദീസിൽ വന്നിട്ടുള്ളതാണ്
- C. ഖുർആനിൽ നിന്നുള്ളതാണ്
- D. എ യും സി യും ശരിയാണ്

**123) .................. ദുർഭാഗ്യവാൻമാരെപ്പറ്റിയും, ............ അതിഭാഗ്യവാൻമാരെപ്പറ്റിയും, ............... രണ്ടാമത്തെ തരക്കാരായ ഭാഗ്യവാൻമാരെപ്പറ്റിയും യഥാക്രമം സൂറത്തുൽ വാഖിഅയിൽ വിശദീകരിച്ചിരിക്കുന്നു.**

- A- 8-10, 11-26, 41-56
- B- 41-56, 27-40, 11-26
- C- 11-26, 27-40, 41-56
- D- 41-56, 11-26, 27-40

**124) സുററുരിൻ മൌളൂനത് سُرُرٍ مَّوْضُونَةَ എന്നാൽ ................**

- ☐ <u>A- നെയ്യപ്പെട്ട കട്ടിലുകൾ</u>
- ☐ B- ചാരിയിരിക്കാനുള്ള പര്യങ്കം
- ☐ C- മുത്തും സ്വർണ്ണവും ചേർത്തു മടയപ്പെട്ട
- ☐ D- ഉയർന്ന (തരം) വിരുപ്പുകൾ (കിടപ്പറകൾ)

**125) അതുകൊണ്ടു വയറുനിറക്കുന്നവരായിരിക്കും, എന്തിൽ നിന്ന് വയറുനിറക്കുന്നവരായിരിക്കും എന്നാണ് ആയത്തിൽ വന്നിട്ടുള്ളത് ?**

- ☐ A- ചലങ്ങളിൽ നിന്നും ചീഞ്ചലത്തിൽ നിന്നും
- ☐ <u>B- സഖ്വുമാകുന്ന വൃക്ഷത്തിൽ നിന്നും</u>
- ☐ C- ചുട്ടുതിളക്കുന്ന വെള്ളത്തിൽ നിന്നും
- ☐ D- എല്ലാം ശരിയാണ്

**126) ............. എന്ന പദത്തിനു ഗഡുക്കൾ എന്നും അർത്ഥമുണ്ട്**

- ☐ <u>A. نجوم</u>
- ☐ B. قسم
- ☐ C. أُقْسِم
- ☐ D. لَقَسَم

**127) സ്വർഗ്ഗങ്ങളിൽ വലതു പക്ഷക്കാർക്കുണ്ടാകുന്ന സുഖാനുഗ്രഹങ്ങളെ പരിശോദിച്ചു കൂട്ടത്തിൽ ഉൾപെടാത്തത് തിരഞ്ഞടുക്കുക ?**

- ☐ A. വ ത്വൽഹിന് മൻളൂദ് وَطَلْحٍ مَّنضُود
- ☐ B. വ ളില്ലിൻ മംദൂദ് وَظِلٍّ مَّمْدُود
- ☐ C. വ ഫാകിഹത്തിൻ കസീറത് وَفَٰكِهَةٍ كَثِيرَة
- ☐ <u>D. മുഖത്തൂഅതിൻ വ മംനൂഅത് مَقْطُوعَةٍ وَ مَمْنُوعَةٍ</u>

**128) ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുക്കുക; മുൻശആത്ത് എന്നാൽ ......... ?**

- ☐ A. കപ്പലുകൾ

- B. പായ കപ്പലുകൾ
- C. വളരെ ഉയരത്തിൽ നിർമ്മിക്കപ്പെട്ട കപ്പലുകൾ
- D. സഞ്ചരിക്കുന്ന കപ്പലുകൾ

## 129) താഴെ നൽകിയതിൽ കുറ്റവാളികളുടെ ശിക്ഷയുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏതാണ് ?

- A. അവർക്ക് സഖൂമിൽ നിന്നുള്ള ഭക്ഷണം അൽപ്പം ആശ്വാസം നൽകും
- B. ചീഞ്ചലവും തിളച്ച വെള്ളവും മിശ്രിത പാനീയമായി നൽകും
- C. സഖൂമിൽ നിന്നും ദ്വരീഇൽ നിന്നും ഇഷ്ടമുള്ളത് മാറി മാറി കഴിക്കാം
- D. സഖ്ഖൂമാകുന്ന വൃക്ഷത്തിൽനിന്നും അവർ തിന്നുകയും പിന്നീടു അതിനുമീതെ ചുട്ടുതിളച്ച വെള്ളം കുടിക്കേണ്ടി വരികയും ചെയ്യും

## 130) കടും പച്ച വർണ്ണമുള്ള രണ്ടെണ്ണം ' എന്ന് വിശേഷിപ്പിച്ചത് എന്തിനെയാണ് ?

- A. പ്രതിഫലമായി ലഭിക്കുന്ന ആദ്യ രണ്ട് സ്വർഗങ്ങളെ
- B. പ്രതിഫലമായി ലഭിക്കുന്ന രണ്ട് സ്വർഗങ്ങൾക്ക് പുറമെയുള്ള രണ്ടു സ്വർഗ്ഗത്തോപ്പുകളെ
- C. സ്വർഗത്തിലെ സസ്യങ്ങളെയും ചെടികളെയും
- D. സ്വർഗത്തിലെ ഫലവൃക്ഷങ്ങളും വിരിപ്പുകളും

## 131) റബ്ബുൽ മശ്'രിഖൈൻ رَبُّ ٱلْمَشْرِقَيْنِ എന്നാൽ .................

- A. ഉദയസ്ഥാനങ്ങളുടെ റബ്ബ്
- B. അസ്തമന സ്ഥാനങ്ങളുടെ റബ്ബ്
- C. ഉദയാസ്തമായ സ്ഥാനങ്ങളുടെ റബ്ബ്
- D. ഇവയൊന്നുമല്ല

## 132) 'അക്രമം ഖിയാമത് നാളിൽ _______________യിരിക്കും'' (ബു; മു)

- A- നഷ്ടകാരണം
- B- ചീത്ത കടം
- C- അന്ധകാരങ്ങൾ

- D-മൂന്നും തെറ്റാണ്

## 133) ഏടുകൾ എന്നതിന് ഉപയോഗിച്ച വാക്ക്?

- A- زبر
- B- صحف
- C- كتب
- D- عليين

## 134) കൂട്ടത്തിൽ ഉൾപെടാത്തത് തിരഞ്ഞെടുക്കുക

- A.لَعِبٌ وَلَهْوٌ
- B.سِينَةٌ
- C. تَفَاخُرٌ بَيْنَكُمْ
- D. تَكَاثُرٌ فِي الْأَمْوَالِ وَالْأَوْلَادِ

## 135) സ്വർഗ്ഗത്തിന്റെ വിസ്താരം എത്രയാണെന്നാണ് ആയത്തിൽ വന്നിട്ടുള്ളത് ?

- A.ഭൂമിയും അതിന്റെ പതിന്മടങ്ങും ആകാശവും ചേർന്നത്ര
- B.എണ്ണി തിട്ടപ്പെടുത്താൻ സാധ്യമാക്കത്തത്രത്തോളം
- C. ആകാശത്തിന്റെയും ഭൂമിയുടെയും വിസ്താരം പോലെ
- D. എല്ലാം ആയത്തിൽ വന്നിട്ടുണ്ട്

## 136) താഴെ നൽകിയവയിൽ തെറ്റായ പ്രസ്താവനായാണ് ...........

- A.അല്ലാഹുവിന്റെ കാരുണ്യം കൊണ്ടല്ലാതെ ഒരാളുടേയും കർമ്മം കൊണ്ടുമാത്രം ആരും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല
- B.അല്ലാഹുവിന്റെ കാരുണ്യം കൊണ്ടല്ലാതെ ഒരാളുടേയും കർമ്മം കൊണ്ടുമാത്രം ആരും നരകത്തിൽ നിന്നു രക്ഷപ്പെടുകയില്ല
- C. സത്യവിശ്വാസം സ്വീകരിച്ചശേഷം കർമ്മപരമായി മഹാപാപം ചെയ്തവരെല്ലാം അവിശ്വാസികളാണ്
- D. സജ്ജനങ്ങൾക്ക് അല്ലാഹു സ്വർഗ്ഗം നൽകുകയും അവരെ നരകത്തിൽനിന്നു രക്ഷിക്കുകയും ചെയ്യും

## 137) താഴെ നൽകിയവയിൽ 'ശക്തി, സമരശക്തി, ധീരത, ഭയം' എന്നൊക്കെയാണർത്ഥം നൽകപ്പെട്ടത് ഏത് ?

- A.ബഅസ് بَعَثَ
- B.ബഅ്സ് بَأْس
- C. ഷദീദ് شَدِيد
- D. എല്ലാം ഈ അർത്ഥഗണങ്ങളിൽ ഉൾപ്പെടുന്നു

**138) വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ; അവന്റെ റസൂലിൽ വിശ്വസിക്കുകയും ചെയ്യുവിൻ; എന്നാൽ അവന്റെ കാരുണ്യത്തിൽ നിന്നു .................. അവൻ നിങ്ങൾക്കു നൽകുന്നതാണ്.**

- A.അളവറ്റ നിലയിൽ
- B.അവൻ ഉദ്ദേശിച്ചത്
- C. രണ്ടു ഓഹരി
- D. മതിവരാത്തത്ര അളവിൽ

**139) '................................ കിയാമത്തുനാളിൽ അന്ധകാരങ്ങളായിരിക്കും' (ബു; മു); ഹദീസിൽ വിട്ടഭാഗമാണ് ?**

- A.അക്രമം
- B.അല്ലാഹുവിന്റെ സ്മരണവിട്ട് ജീവിച്ചവർ
- C. സ്മരണവിട്ട് അന്ധരായി ജീവിച്ചവർ
- D. അവിശ്വാസിയുടെ പ്രവർത്തനങ്ങൾ

**140) അഞ്ചു കാര്യങ്ങളെ ആണയിട്ട് സത്യം പറഞ്ഞുകൊണ്ട് ഒരു സൂറത്താരംഭിക്കുന്നത്. ഇവയിൽ ക്രമത്തിൽ നാലാമത്തെ കാര്യമെന്താണ് ?**

- A. ആകാശം
- B. തൗറാത്ത്
- C. ബൈത്തുൽ മഉമൂർ
- D. മഹാ സമുദ്രം

**141) സത്യം കണ്ടാലും സത്യനിഷേധികൾ ഗ്രഹിക്കുകയില്ല എന്ന് ബോധ്യപ്പെടുത്താൻ അല്ലാഹു പറഞ്ഞ ഒരു വാക്യമാണ് ........**

- A. ആകാശത്തു കയറിച്ചെന്ന് ചെവികൊടുത്തു കേൾക്കാവുന്ന വല്ല കോണിയും അവർക്കുണ്ടോ?
- B. ആകാശത്തുനിന്ന് ഒരു കഷ്ണം വീഴുന്നതായി നേരിൽ കണ്ടാലും അട്ടിയിടപ്പെട്ട മേഘമാണെന്ന് അവർ പറയും
- C. നിന്റെ റബ്ബിന്റെ ഖജനാക്കൾ അവരുടെ പക്കലാണോ?
- D. നിങ്ങൾ കാത്തിരുന്നുകൊള്ളുവിൻ

## 142) സാബിഖീങ്ങൾക്ക് (മുൻകടന്നവർക്ക്) സ്വർഗ്ഗങ്ങളിൽ ഉണ്ടാകുന്ന സുഖാനുഗ്രഹങ്ങൾ താഴെ നൽകിയിരിക്കുന്നു. അർത്ഥം പരിശോധിച്ച് തെറ്റായി നൽകിയ ഗ്രൂപ്പ് തിരഞ്ഞെടുക്കുക

- A - സുറൂരിൻ മൗളൂനത് سُرُرٍ مَّوْضُونَةٍ - നെയ്യപ്പെട്ട കട്ടിലുകൾ
- B- കഅ്സിൻ മിൻ മഈൻ كَأْسٍ مِّن مَّعِينٍ - ഉറവു നീരിന്റെ കൂജകളും കോപ്പകളും
- C- ലഹ്മി ത്വയ്ർ لَحْمِ طَيْرٍ - പക്ഷിമാംസം
- D- ഫാകിഹത്തിൻ മിമ്മാ യതഖയ്യറൂൻ فَٰكِهَةٍ مِّمَّا يَتَخَيَّرُونَ - ഉത്തമമായി തിരഞ്ഞെടുത്തു സ്വീകരിക്കുന്ന തരത്തിൽപെട്ട പഴവർഗ്ഗങ്ങൾ

## 143) നൂഹ് നബി(അ) യുടെ കപ്പലിന് പ്രയോഗിച്ച ذَاتِ أَلْوَٰحٍ وَدُسُرٍ എന്നതിന്റെ അർത്ഥമാണ് ................

- A - പലകകളും ആണികളുമുള്ളത്
- B- പലകകളിൽ ആണിഉള്ളത്
- C- പലകകളും ആണികളുമുള്ള കപ്പൽ
- D- പലകകളിൽ ആണികളുള്ള കപ്പൽ

## 144) അപ്പോൾ അവർക്ക് എഴുന്നേൽക്കാൻ കഴിവുണ്ടായില്ല ഇപ്രകാരം അല്ലാഹു പറഞ്ഞത് ഏത് ജനതയെ പറ്റിയാണ്

- A. സമൂദ് സമൂഹം
- B. ആദ് സമൂഹം
- C. നൂഹ് നബിയുടെ ജനത
- D. ലൂത്ത് നബിയുടെ ജനത

## 145) ആദ് ഗോത്രത്തെ പറ്റിയുള്ള പരാമർശങ്ങളിൽ വരാത്തത് ഏതാണ് ?

- A. അവരിലേക്ക് ഉഗ്രമായ കാറ്റിനെ അയച്ചു
- B. അവർ കട പുഴങ്ങി വീണ ഈന്തമരത്തിന്റെ മുരടുകളെ പോലെ ആയി
- C. മുറിഞ്ഞു പോകാതെ നിൽക്കുന്ന ഒരു ദുഃശകുന ദിവസത്തിലാണ് ശിക്ഷ വന്നത്
- D. അല്ലാഹുവിന്റെ ശിക്ഷയിലേക്ക് അവർ കഴുത്ത് നീട്ടി നിൽക്കായിരുന്നു

## 146) "നിങ്ങൾ യാതൊന്നിനു ധൃതിപ്പെട്ടുകൊണ്ടിരുന്നുവോ അതാണിത് " ഇപ്രകാരം അല്ലാഹു മറുപടി പറയുന്നത് നിഷേധികളുടെ ഏത് ചോദ്യത്തിനാണ് ?

- A. പറയുന്നത് സത്യമെങ്കിൽ എവിടെ നീ പറയുന്ന ശിക്ഷ?
- B. ഏതവസരത്തിലാണ് ഈ പ്രതിഫല നടപടിയുടെ ദിവസം ?
- C. മരണശേഷം ഞങ്ങൾ ഉയിർത്തെഴുന്നേൽപ്പിക്കുകയോ?
- D. എപ്പോഴാണ് നിന്റെ രക്ഷിതാവിന്റെ വാഗ്ദാനം?

## 147) കുറ്റവാളിയായ ജനത' യുടെ പ്രത്യേകതകളിൽ പെട്ടത് ഏതാണ് ?

- A. ശിക്ഷയെ ഭയപ്പെടുന്നവർക്ക് ഒരു ദൃഷ്ടാന്തമാക്കി
- B. അവർ ആക്ഷേപകരമായത് പ്രവർത്തിച്ചവരായിരുന്നു
- C. നിശ്ചയമായും അവർ ദുർനടപ്പുകാരായ ഒരു ജനതയായിരുന്നു
- D. എങ്കിലും അവർ അതിക്രമികളായ ജനങ്ങളാകുന്നു

## 148) പരസ്പരം യോജിക്കാത്ത ജോഡി ഏതെന്ന് തെരഞ്ഞെടുക്കുക ?

- A. ലാത്ത - ഥഖീഫ്
- B. ഉസ്സ - നഖ്ല
- C. മനാത്ത് - മുശല്ലൽ
- D. ഹിറാ - മക്ക

**149) നബി (സ) കരഞ്ഞു, സ്വാഹാബികളും കരഞ്ഞു , ഞങ്ങളും ഒന്നിച്ചു കരഞ്ഞു". ഏത് സൂറത്തിലെ ആയത്തുകൾ ഓതികൊണ്ടാണ് ഇങ്ങനെ കരഞ്ഞത് ?**

- A. തൂർ
- B. നജ്മ്
- C. ഖമർ
- D. വാഖിഅ

**150) ...............എന്ന വാക്കിനു 'സമ്പാദ്യം നൽകി, ശേഖരിച്ചു കൊടുത്തു, മതിവരുത്തി, തൃപ്തി നൽകി' എന്നൊക്കെ അർത്ഥങ്ങൾ വരുന്നതാണ്**

- A. اقنى (അഖ്നാ)
- B. اغنى (അഗ്നാ)
- C. غِنَي (ഗിനാ)
- D. قنى (ഖിനാ )

**151) ഒരേ സൂറത്തിലെ വ്യത്യസ്ത ആയത്തുകളുടെ അവസാനത്തിൽ വന്ന ചില പദങ്ങൾ താഴെ നൽകിയിരിക്കുന്നു, അവയിൽ ഏറ്റവും കൂടുതൽ വന്നിട്ടുള്ളത് ഏത് ?**

- A. الْأُخْرَىٰ
- B. الشِّعْرَىٰ
- C. الْأُولَىٰ
- D. أَهْوَىٰ

**152) ഖാഫിളത് خَافِضَةٌ എന്നതിന്റെ വിപരീത പദമാണ് ...........**

- A- ആസിഫത് آزِفَة
- B- കാദിബത് كَاذِبَة
- C- റാഫിഅത് رَّافِعَة
- D- കാഷിഫത് كَاشِفَة

### 153) സ്ഥിരവാസം നൽകപ്പെട്ടവർ എന്നർത്ഥം വരുന്ന مُّخَلَّدُونَ എന്ന് പ്രയോഗിച്ചത് ആരെ ഉദ്ദേശിച്ചാണ് ?

- A- സ്വർഗത്തിൽ പ്രവേശിപ്പിച്ച എല്ലാ വിശ്വാസികളും
- B- മുഖർറബ് (സാമീപ്യം ലഭിച്ച) ആയ വിശ്വാസികൾ
- C- സാബിഖൂൻ (മുൻകടന്നവർ)
- D- സ്വർഗ്ഗത്തിലെ ബാലന്മാർ

### 154) താഴെ നൽകിയവയിൽ പ്രതിഫല നടപടിയുടെ ദിവസം ഇടതുപക്ഷക്കാരുടെ സൽക്കാരം എന്താണെന്ന് സൂറത്തിൽ വിശദമാക്കുന്നുണ്ട്. അവയിൽ ഉൾപെടാത്തത് ഏത് ?

- A- സഖ്ഖുമാകുന്ന ഒരു വൃക്ഷത്തിൽ നിന്നു തിന്നു വയറു നിറക്കേണ്ടി വരുക
- B- ചുട്ടുതിളക്കുന്ന വെള്ളത്തിൽ നിന്നു കുടിക്കേണ്ടി വരുക
- C- ദാഹരോഗം പിടിപെട്ട ഒട്ടകം കുടിക്കുന്ന പ്രകാരം കുടിക്കേണ്ടി വരുക
- D- ഉരുകിയ ലോഹം പോലെ ആ വെള്ളം വയറുകളിൽ തിളയ്ക്കും

### 155) 'നിശ്ചയമായും നിങ്ങൾക്കറിയാമായിരുന്നെങ്കിൽ അതൊരു വമ്പിച്ച സത്യം തന്നെ' എന്ന് ഉറപ്പിച്ചുകൊണ്ട് അല്ലാഹു സ്ഥാപിക്കുന്ന വിഷയമെന്താണ് ?

- A. ഉറപ്പായ മരണം
- B. ഖുർആന്റെ മഹത്വവും അതിന്റെ ഉന്നത നിലപാടും
- C. അന്ത്യനാളിലെ മഹാസംഭവങ്ങൾ
- D. വിചാരണ

### 156) 'സ്വർഗ്ഗത്തിൽ ഒരു വൃക്ഷമുണ്ട്: വാഹനക്കാരനായ ഒരാൾ അതിന്റെ തണലിൽ ...................സഞ്ചരിച്ചാലും അവനതു മുറിച്ചു കടക്കുകയില്ല. (ബു.മു.) ; ഹദീസിലെ വിട്ടഭാഗം എന്ത് ?

- A. ആയിരം കൊല്ലം
- B. കൊല്ലങ്ങളോളം
- C. നൂറു കൊല്ലം
- D. പത്ത് രാവും പകലും തുടർച്ചയായി

**157) " അവ രണ്ടിൽ നിന്നും മുത്തും പവിഴവും പുറത്ത് വരുന്നു " ഏതാണ് ഇവിടെ പരാമർശിച്ച അവ രണ്ടും ?**

- A. പസഫിക് സമുദ്രം, അറ്റ്ലാന്റിക് സമുദ്രം
- B. ശുദ്ധ ജലാശയം, ഉപ്പു ജലാശയം
- C. സമുദ്രത്തിലെ അന്തർ ജലവും ഉപരി ജലവും
- D. ചെറിയ ജലാശയങ്ങളും വലിയ ജലാശയങ്ങളും

**158) " മഖാമ റബ്ബിഹി " എന്നതിലെ മഖാമ് (സ്ഥാനം) കൊണ്ട് ഉദ്ദേശിച്ചത് എന്താണ് ?**

- A. റബ്ബിന്റെ മുമ്പിൽ
- B. റബ്ബിന്റെ അടുത്ത്
- C. റബ്ബിന്റെ കോടതിയിൽ
- D. റബ്ബിന്റെ വിചാരണ വീക്ഷിച്ചും

**159) ജിന്നും മനുഷ്യനും അവരെ സ്പർശിച്ചിട്ടില്ല എന്ന് പറഞ്ഞത് ആരെപ്പറ്റിയാണ് ?**

- A. സ്വർഗവാസികളെ
- B. സ്വർഗത്തിലെ സ്ത്രീകളെ
- C. സ്വർഗത്തിലെ കുട്ടികളെ
- D. എല്ലാം ശരിയാണ്

**160) വർദത് എന്നതിന്റെ വാക്കർത്ഥത്തിൽ ഉൾപെടാത്തത് ഏത് ?**

- A. പനിനീർ വർണ്ണമുള്ളത്
- B. ഊറക്കിട്ട തോൽ പോലെ ചുവന്നത്
- C. ചെമ്മണ്ണയായത്
- D. എണ്ണ കുഴമ്പ് പോലെ ചുവന്നത്

**161) സത്യവിശ്വാസികൾക്ക് വിനയപ്പെട്ടുവരുവാൻ സമയമായില്ലേ എന്ന ചോദ്യം അല്ലാഹു ചോദിച്ച സാഹചര്യം ഏതായിരുന്നു?**

- A- സ്വഹാബികൾ മദീനയിൽ വന്നതിനു ശേഷം ജീവിതത്തിൽ കുറച്ചൊക്കെ സൗഖ്യം ലഭ്യമായപ്പോൾ
- B-മക്കൻ വിജയത്തിൽ മതിമറന്നപ്പോൾ
- C- സ്വഹാബികൾ ഖുർആൻ പഠിക്കാതായപ്പോൾ
- D-A യും B യും ശരിയാണ്

### 162) നരകത്തിൻ്റെ ഒരു പേരാണ് ?

- A- سقر
- B- نكر
- C- ذقر
- D- مفر

### 163) തഫാഖുര് تَفَاخُرٌ എന്നും ഫഖൂര് فَخُورٍ എന്നും ഒരേ സൂറത്തിൽ തന്നെ വന്നിട്ടുണ്ട്. ഈ പദങ്ങളുടെ അർത്ഥങ്ങൾ യഥാക്രമം എന്താണ് ?

- A.പൊങ്ങച്ചം കാണിക്കുക, പൊങ്ങച്ചക്കാരനായവൻ
- B.പിശുക്ക് കാണിക്കുക, പിശുക്കനായവൻ
- C. പാഴാക്കുക, പാഴാക്കി കളഞ്ഞവനായവൻ
- D. ദുരഭിമാനം നടിക്കുക, ദുരഭിമാനിയായവൻ

### 164) "അത് അല്ലാഹുവിന്റെ ദയവത്രെ", എന്താണ് അല്ലാഹുവിന്റെ ദയവ് എന്ന് ആയത്തിൽ പരാമർശിച്ചിട്ടുള്ളത് ?

- A.അല്ലാഹുവിന്റെ കാരുണ്യത്തെ വീതിച്ചു നൽകിയത്
- B.നബി(സ)യുടെ ഉമ്മത്തിലെ പകുതിയും സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നത്
- C. സത്യവിശ്വാസികൾക്ക് സ്വർഗ്ഗം നൽകുന്നത്
- D. മുഖർറബുകളെ മുൻകടന്നവരാക്കിയത്

### 165) താഴെ നൽകിയവയിൽ ആയത്തിൽ വന്നിട്ടുള്ളത് ഏത് ?

- A.മാ അസ്വാബത്തൻ مَآ أَصَابَةً
- B.മിൻ മുസ്വീബത്തിൻ مِن مُّصِيبَةٍ

- C. അസ്വാബത്തൻ أَصَابَة
- D. മാ മുസ്വീബത്തൻ مَآ مُصِيبَة

## 166) കൂട്ടത്തിൽ ഉൾപെടാത്തത് തിരഞ്ഞെടുക്കുക

- A.മനാഫിഉ ലിന്നാസ് مَنَٰفِعُ لِلنَّاس
- B.ബഅ്സുൻ ഷദീദ് بَأْسٌ شَدِيد
- C. അൽ ഹദീദ് اَلْحَدِيد
- D. അൽ വാഖിഅ الْوَاقِعَة

## 167) വിശ്വാസത്തോടും സദുദ്ദേശ്യത്തോടുംകൂടി അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും ഉന്നംവെച്ചുകൊണ്ടുള്ളത് എന്നാണ് ..................... എന്നതിന്റെ താൽപര്യം

- A.അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുക
- B.നല്ലതായ കടം
- C. മാന്യമായ സമ്പാദിക്കുക
- D. അവശ്യകാര്യങ്ങളിൽ ചിലവഴിക്കുക

## 168) "............................ അല്ലാഹുവിന്റെ സ്മരണയിലേക്കും, അവതരിച്ചിട്ടുള്ള യഥാർത്ഥത്തിലേക്കും തങ്ങളുടെ ഹൃദയങ്ങൾ വിനയപ്പെട്ടുവരുവാൻ സമയമായില്ലേ?" ആയത്തിൽ വിട്ടഭാഗമാണ് ?

- A.വിശ്വസിച്ചവർക്ക്
- B.അവിശ്വസിച്ചവർക്ക്
- C. കപടവിശ്വാസികൾക്ക്
- D. ഹേ മനുഷ്യരേ, നിങ്ങൾക്ക്

## 169) താഴെ നൽകിയ ഗ്രൂപ്പുകൾ പരിശോധിച്ച് ഒറ്റപെട്ടു നിൽക്കുന്ന ഗ്രൂപ്പ് തിരഞ്ഞെടുക്കുക

- A. ആകാശം, കഅബ, വേദഗ്രന്ഥങ്ങൾ
- B. കഅബ, ത്വവാഫ്, നമസ്കാരം

- C. ബൈത്തുൽ മഉമൂർ, മഹാ സമുദ്രം, തൗറാത്ത്
- D. സീന പർവ്വതം, ആകാശം, തൗറാത്ത്

## 170) രക്ഷിതാവിന് സ്തുതിയും സ്തോത്രകീർത്തനവും നടത്താൻ ആയത്തിൽ പറഞ്ഞിട്ടുള്ള മൂന്നു സമയങ്ങളിൽ .................. ഉൾപ്പെടുന്നില്ല

- A. حِينَ تَقُومُ
- B. نُجُومُ طُمِسَتْ
- C. إِدْبَٰرَ ٱلنُّجُومِ
- D. مِنَ ٱلَّيْلِ

## 171) അല്ലുഅ്ലുഉൽ മക്നൂൻ ٱللُّؤْلُؤِ ٱلْمَكْنُونِ എന്നാൽ ......................

- A - ചിപ്പികളിൽ ഒളിച്ചു സൂക്ഷിക്കപ്പെട്ട മുത്ത്
- B- ദൃഷ്ടി നിയന്ത്രണമുള്ളത്
- C- വിശാലമായ നേത്രങ്ങൾ
- D- പവിഴവും മാണിക്യവും

## 172) മുൻപ്രവാചക സമുദായങ്ങൾക്ക് ബാധിച്ച ശിക്ഷകളുമായി ബന്ധപ്പെട്ട പ്രയോഗങ്ങളും അവയുടെ അർത്ഥവും നൽകിയത് പരിശോധിച്ച തെറ്റായ ജോഡി കണ്ടു പിടിക്കുക

- A. സ്വയഹതൻ വാഹിദത് صَيْحَةً وَٰحِدَةً - ഒരേ ഒരു ഘോരശബ്ദം
- B. അദാബുൻ മുസ്തഖർ് عَذَابٌ مُّسْتَقِرٌّ - ഉറച്ചുനിൽക്കുന്ന പ്രഭാതശിക്ഷ
- C. കഹഷീമിൽ മുഹ്തളിര് كَهَشِيمِ ٱلْمُحْتَظِرِ - ആലവളപ്പുകാരന്റെ ചില്ലിത്തുരുമ്പുപോലെ
- D. ഫ ത്വമസ്നാ അഉയുനഹും فَطَمَسْنَآ أَعْيُنَهُمْ - അപ്പോൾ നാം അവരുടെ കണ്ണുകളെ തുടച്ചുനീക്കി

## 173) ആകാശത്തെ ശക്തിയുള്ള കരങ്ങളാലും ഭൂമിയെ പരവതാനി വിരിച്ച പോലെയും അല്ലാഹു സൃഷ്ടിച്ചു എന്ന് പറഞ്ഞു കൊണ്ട് അല്ലാഹു ആഹ്വാനം ചെയ്യുന്ന കാര്യമെന്താണ് ?

- A. അല്ലാഹു എല്ലാവർക്കും താക്കീത് നൽകുന്നവനാണ്

- B. അല്ലാഹുവിന്റെ സൃഷ്ടിപ്പുകൾ ഒരിക്കലും അവസാനിക്കുകയില്ല
- C. അല്ലാഹു സൃഷ്ടിക്കുന്നത് പോലെ സൃഷ്ടിക്കാൻ ആർക്കും കഴിവില്ല
- D. സൃഷ്ടാവായ അല്ലാഹുവിനെ മാത്രം ആരാധിക്കുക

## 174) ആദ് സമൂഹത്തിനെ പിടികൂടിയ ശിക്ഷയുടെ കാലയളവ് എത്രയായിരുന്നു ?

- A. ഏഴ് പകലും എട്ട് രാത്രികളും
- B. എട്ട് പകലും എട്ട് രാത്രികളും
- C. ഏഴു രാത്രിയും എട്ട് പകലും
- D. ഒന്നിടവിട്ട എട്ട് ദിവസങ്ങളിൽ

## 175) 'ഭയഭക്തന്മാർ സ്വർഗ്ഗതോപ്പുകളിലും അരുവികളിലുമായിരിക്കും". ഇതിന് കാരണമായി വചനത്തിൽ അല്ലാഹു പ്രസ്ഥാവിച്ചത് എന്താണ് ?

- A. അവർ അതിന് മുമ്പ് സുകൃതം ചെയ്യുന്നവരായിരുന്നു
- B. അവർ നമസ്കാരം നിലനിർത്തുന്നവരായിരുന്നു
- C. അവർ മറ്റുള്ളവരെ സഹായിക്കുന്നവരായിരുന്നു
- D. അവർ ഇച്ഛകളെ തടഞ്ഞു നിർത്തിയവരായിരുന്നു

## 176) താഴെ നൽകിയവയിൽ തെറ്റായ ജോഡി ഏതാണെന്ന് വ്യക്തമാക്കുക ?

- A. ഒരു സമയം വരേക്ക് നിങ്ങൾ സുഖഭോഗമെടുത്ത് കൊള്ളുവിൻ - ലൂത് ജനത
- B. സ്പെഷ്ടമായ അധികൃത പ്രമാണം - ഫിർ ഔൻ
- C. അപ്പോൾ അവർക്ക് എഴുന്നേൽക്കാൻ കഴിവുണ്ടായിരുന്നില്ല - സമൂദ് ഗോത്രം
- D. അദ്ദേഹത്തിന്റെ അടുക്കൽ പ്രവേശിച്ച സന്ദർഭം അവർ സലാം പറഞ്ഞു - മലക്കുകൾ

## 177) നീതി കെട്ട ഓഹരി എന്ന് വിശേഷിപ്പിച്ചത് എന്തിനെയാണ് ?

- A. മലക്കുകൾ അല്ലാഹുവിന്റെ പെൺ മക്കളാണെന്ന സങ്കൽപത്തെ
- B. കഅബയിലെ ബിംബങ്ങളോടുള്ള ആരാധനകളെ

- C. അവർക്ക് പരിചിതനായ മുഹമ്മദ് നബിയെ കള്ളനും വ്യാജനും മാരണക്കാരനുമാക്കിയതിനെ
- D. പരലോകം മറന്നു ഇഹാലോകത്തെ തെരഞ്ഞെടുത്തതിനെ

**178) " ഞാൻ റസൂലുകളിൽ ഒരു പുത്തനല്ല " ഇത് ഏത് നബിയുടെ വാക്കുകളായിട്ടാണ് ഖുർആൻ ഉദ്ദരിക്കുന്നത് ?**

- A. മൂസാ നബി
- B. ഇബ്റാഹിം നബി
- C. ഈസാ നബി
- D. ഇവയൊന്നുമല്ല

**179) ".............. അധികരിക്കുന്നതുകൊണ്ടല്ല ധനമുണ്ടാകുന്നത്. പക്ഷേ, ധനമെന്നത് മനസ്സിന്റെ ധന്യതയാണ്". ഹദീസിൽ വട്ടഭാഗമാണ് ?**

- A. സമ്പത്ത്
- B.വിഭവങ്ങൾ
- C. അനുഗ്രഹങ്ങൾ
- D. ബറകത്തുകൾ

**180) ഒരേ സൂറത്തിലെ വ്യത്യസ്ത ആയത്തുകളുടെ അവസാനത്തിൽ വന്ന ചില പദങ്ങൾ താഴെ നൽകിയിരിക്കുന്നു, അവയിൽ ആയത്തുകളുടെ ക്രമത്തിൽ ആദ്യം വന്നിട്ടുള്ള പദമേത് ?**

- A. الْأُخْرَىٰ
- B. الشِّعْرَىٰ
- C. الْأُولَىٰ
- D. أَهْوَىٰ

**181) .......................وَكُنتُمْ أَزْوَٰجًا**

- A- رَّابِعَة
- B- سَبْعَة
- C- ثَلَٰثَة

- D- سَادِسة

### 182) കൂട്ടത്തിൽ ഉൾപെടാത്തത് ഏത് ?

- A- അക്'വാബ് أَكْوَاب
- B- കഅ്സിൻ മിൻ മഈൻ كَأْسٍ مِّن مَّعِين
- C- അബാരീഖ് أَبَارِيق
- D- ആനിയത്തിൻ മിൻ ഫിള്ളത് آنِيَةٍ مِّن فِضَّة

### 183) നശഅത്തൽ ഊലാ نَّشْأَةَ ٱلْأُولَىٰ എന്നാൽ

- A- ഒന്നാമത്തെ അടയാളം
- B- ഒന്നാമത്തെ ഉണ്ടാക്കൽ
- C- ഒന്നാമത്തെ ഊത്ത്
- D- ആദ്യ ജീവിതം (മരണത്തിന് മുൻപുള്ള)

### 184) അല്ലാഹുവിങ്കൽ വളരെ ഭദ്രമായി സൂക്ഷിക്കപ്പെട്ടിട്ടുള്ള സുരക്ഷിത ഫലകമാകുന്ന ലൗഹുൽ-മഹ്ഫൂളിനെയാണ്, ................. എന്നതു കൊണ്ടുദ്ദേശിക്കുന്നത്.

- A. ലുഉലുഅൻ മക്നൂൻ لُؤْلُؤٌ مَّكْنُون
- B. ബൈളുൻ മക്നൂൻ بَيْضٌ مَّكْنُونٌ
- C. കിതാബിൻ മക്നൂൻ كِتَٰبٍ مَّكْنُون
- D. എല്ലാം ശരിയാണ്

### 185) ‘അതിലെ ഒരു പഴക്കുല .................ശേഷിക്കുന്ന കാലത്തോളം നിങ്ങൾക്കു ഭക്ഷിക്കുമാറുണ്ടായിരിക്കും’ (ബു: മു.); ഹദീസിലെ വിട്ടഭാഗം എന്ത് ?

- A. ഇഹലോകം
- B. സ്വർഗം
- C. സ്വർഗ്ഗത്തിലെ ജീവിതം
- D. മൂന്ന് കർണുകൾ

### 186) " അവൻ വെളിക്ക് വരുത്തുന്ന കാര്യങ്ങളാണ് , അവൻ ആദ്യമായി തുടങ്ങുന്ന കാര്യങ്ങളല്ല " ലോകാവസാനം

**വരെയുള്ള കാര്യങ്ങൾ നിർണയിക്കപ്പെടുന്നതിനെ പറ്റി ഇപ്രകാരം പറഞ്ഞതാരാണ് ?**

A. ഹുസൈൻ ബ്നു ഫദ്ൽ

B. ഹുസൈൻ ബ്നു അലി

C. ഫദ്ൽ ബ്നു അബ്ബാസ്

D. ഇമാം ഫാക്കിഹാനി

**187) താഴെ നൽകിയതിൽ പാഠഭാഗത്ത് വന്ന ഘടനയനുസരിച്ചു ശരിയായത് ഏതാണ് ?**

A. അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത് ?

B. നിങ്ങൾ, അപ്പോൾ അനുഗ്രഹങ്ങളിൽ രണ്ടുകൂട്ടരുടെയും റബ്ബിന്റെ ഏതൊന്നിനെയാണ് നിങ്ങൾ വ്യാജമാക്കുന്നത് ?

C. അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരുടെയും റബ്ബിന്റെ അനുഗ്രഹങ്ങളിൽ നിങ്ങൾ വ്യാജമാക്കുന്നത് ഏതൊന്നിനെയാണ് ?

D. അപ്പോൾ, നിങ്ങൾ രണ്ടുകൂട്ടരും നിങ്ങളുടെ റബ്ബിന്റെ ഏതേത് അനുഗ്രഹങ്ങളെയാണ് നിങ്ങൾ വ്യാജമാക്കുന്നത് ?

**188) പച്ചവർണമുള്ള മെത്തത്തലയിണകളിൽ ചാരിയിരുന്ന് സുഖിക്കുന്നവർ എന്ന് വിശേഷിപ്പിച്ചത് ആരെയാണ് ?**

A. സ്വർഗ്ഗ സ്ത്രീകളെ

B. സ്വർഗ്ഗ വാസികളെ

C. സ്വർഗത്തിലെ ജിന്നുകളെ

D. സ്വർഗത്തിലെ മനുഷ്യരെ

**189) നവാസി വൽ അഖ്ദാമ് نَّوَٰصِى وَٱلْأَقْدَامِ എന്നാൽ ..........**

A. കാലടികളും കാൽപാദങ്ങളും

B. നെറുകന്തലകൾ

C. കുടുമകളും കാലടികളും

D. കുറ്റവാളികളുടെ നെറുകന്തലകൾ

**190) ഞാനും എന്റെ സ്വഹാബികളും നിലകൊള്ളുന്ന പ്രകാരത്തിലുള്ളതാണ് എന്ന് നബി (സ) പറഞ്ഞത് ആരെക്കുറിച്ചാണ്?**

- A-എഴുപത്തിരണ്ടു കക്ഷികൾ
- B-എഴുപത്തിമൂന്ന് കക്ഷികൾ
- C- ഇസ്രാഈല്യർ
- D-രക്ഷപ്പെട്ട ഒരു കക്ഷി

**191) ലൂത്ത് നബിയുടെ സമൂഹത്തിന് ശിക്ഷ ബാധിച്ച സമയം ?**

- A- പ്രഭാതം
- B- പുലരാൻ കാലത്തു
- C- നിശാന്ത്യത്തിൽ
- D- ബി യും സി യും ശരിയാണ്

**192) ഉണങ്ങി എന്നർത്ഥം വരുന്നത് ............**

- A.നബാത് نَبَات
- B.ഹുത്വാമ حُطَامًا
- C. യഹീജ് يَهِيجُ
- D. മുസ്ഫർറ مُصْفَرًّا

**193) ആർക്ക് വേണ്ടിയാണെന്ന് സ്വർഗ്ഗം തയ്യാറാക്കപ്പെട്ടിരിക്കുന്നതെന്നാണ് സൂ:ആലുഇംറാനിൽ പറഞ്ഞിട്ടുള്ളത് ?**

- A.വിശ്വസിക്കുന്നവർക്ക്
- B.അല്ലാഹുവിലും റസൂലുകളിലും വിശ്വസിക്കുന്നവർക്ക്
- C. മുത്തഖീങ്ങൾക്ക്
- D. സാബിഖീങ്ങൾക്ക്

**194) നിശ്ചയമായും അത് അല്ലാഹുവിന്റെമേൽ നിസ്സാരമാകുന്നു എന്ന് പാഠഭാഗത്തു വന്ന ആയത്തുകളിൽ പ്രസ്താവിച്ചിട്ടുള്ളത് എന്തിനെക്കുറിച്ചാണ് ?**

- A.ആപത്തുകൾ മുൻകൂട്ടി രേഖപെടുത്തിയെന്നത്
- B.സൃഷ്ടി ആരംഭിക്കുകയും ആവർത്തിക്കുകയും ചെയ്യുന്നുവെന്നത്
- C. ആകാശത്തിലും ഭൂമിയിലുമുള്ളതുമെല്ലാം അല്ലാഹു അറിയുന്നുണ്ടെന്നത്
- D. എ യും സി യും ശരിയാണ്

**195) അദ്ദേഹത്തെ പിൻപറ്റിയവരുടെ ഹൃദയങ്ങളിൽ കൃപയും, കരുണയും നാം ഏർപ്പെടുത്തുകയും ചെയ്തു. കൃപ എന്നതിന് ആയത്തിൽ ഉപയോഗിച്ച പദമാണ് ............**

- A.ഫള്'ല് فَضْل
- B.റഅ്ഫത് رَأْفَة
- C. രിള്'വാൻ رِضْوَٰن
- D. റഹ്മത് رَحْمَة

**196) പിന്നീട് നിങ്ങളൊരാൾ തന്റെ കുതിരക്കുട്ടിയെ ലാളിച്ചു വളർത്തുന്നതുപോലെ അവൻ അതിന്റെ ആൾക്കുവേണ്ടി അതിനെ വളർത്തിക്കൊണ്ടിരിക്കും, എന്ത് ?**

- A.കാരക്കച്ചീള്
- B.കാരക്കപ്പൊളി
- C. കടം
- D. പരിശുദ്ധമായ സമ്പാദ്യത്തിൽ നിന്നുള്ള ധർമ്മം

**197) "ഞാനും എന്റെ സ്വഹാബികളും നിലക്കൊള്ളുന്ന പ്രകാരത്തിലുള്ള കക്ഷി മാത്രമാണ് എന്റെ സമുദായത്തിൽ നിന്നും രക്ഷപ്പെടുക" എന്ന പ്രശസ്തമായ ഹദീസ് നിവേദനം ചെയ്തത് ആരാണ് ?**

- A.ഇമാം ബുഖാരി
- B.ഇമാം മുസ്ലിം
- C. ഇമാം തിർമുദി
- D. എ യും ബി യും ശരിയാണ്

**198) ആകാശത്തെപ്പറ്റി ............... എന്ന് ഖുർആൻ പ്രസ്താവിച്ചിട്ടുള്ളതാണ്.**

- A. سَقْفاً مَّحْفُوظاً
- B. السَّقْفِ المَرْفُوع
- C. ٱلْبَحْرِ ٱلْمَسْجُور
- D. എ യും ബി യും ശരിയാണ്

**199) നമസ്കാരത്തിന്റെ ആരംഭത്തിൽ നബി(സ) പ്രാർത്ഥിക്കാറുള്ള ഒരു പ്രാർത്ഥനയിലെ തുടർച്ചയായ വാക്യങ്ങളുടെ അർത്ഥങ്ങളാണ് താഴെ നൽകിയിട്ടുള്ളത്. പ്രസ്തുത പ്രാർത്ഥനയിലെ അവസാന വാക്യത്തിന്റെ അർത്ഥമാണ് .................**

- A. നീയല്ലാതെ ആരാധ്യനേയില്ല
- B. നിന്റെ മഹത്വം വളരെ ഉന്നതമാണ്
- C. അല്ലാഹുവേ, നിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുകയും നിന്നെ സ്തുതിക്കുകയും ചെയ്യുന്നു.
- D. നിന്റെ നാമം വളരെ മേന്മയേറിയതാണ്

**200) താഴെ നൽകിയ നാലു ചോദ്യങ്ങളെ ആയത്തുകളിൽ വന്ന ക്രമത്തിൽ ശരിപ്പെടുത്തുക (1- أَفَرَءَيْتُم مَّا تُمْنُونَ) ; (2-أَفَرَءَيْتُم مَّا تَحْرُثُونَ) ;(3- أَفَرَءَيْتُمُ ٱلْمَآءَ ٱلَّذِى تَشْرَبُونَ) ;(4- أَفَرَءَيْتُمُ ٱلنَّارَ ٱلَّتِى تُورُونَ)**

- A - 1,4,2,3
- B-1,3,4,2
- C- 1,3, 4, 2
- D- 1, 2, 3, 4

**201) ഭക്ഷണം കഴിക്കാത്ത മലക്കുകളായ അതിഥികൾക്ക് ഇബ്രാഹിം നബി ഭക്ഷണം നൽകിയ സംഭവത്തിൽ നിന്നും നാം മനസിലാക്കേണ്ടത് ?**

- A. അള്ളാഹു അറിയിച്ചു കൊടുത്താലല്ലാതെ നബിമാർക്ക് പോലും മറഞ്ഞ കാര്യം അറിയുകയില്ല
- B. മലക്കുകൾ മനുഷ്യരിൽ നിന്നും ഭക്ഷണം സ്വീകരിക്കുകയില്ല

- C. മലക്കുകൾ വന്നത് ഭക്ഷണം കഴിക്കാനായിരുന്നില്ല
- D. മലക്കുകളെ കണ്ടപ്പോഴുള്ള പേടി മാറ്റാനാണ് ഇബ്രാഹിം നബി അപ്രകാരം ചെയ്തത്

## 202) അവർ അന്യോന്യം ഒസിയ്യത് ചെയ്തിരിക്കയാണോ ? അല്ലാഹു ഇപ്രകാരമൊരു ചോദ്യം ചോദിച്ചത് ഏത് കാര്യത്തിലാണ് ?

- A. എല്ലാ ജനതയും ആദ്യം ശിർക്കിലേക്ക് പോകുന്നത് കണ്ടപ്പോൾ
- B. പാരമ്പര്യമായി ഖബറാരാധന തുടർന്ന് കൊണ്ട് വന്നപ്പോൾ
- C. എല്ലാ സമുദായക്കാരും പ്രവാചകന്മാരെ നിഷേധിക്കുന്നത് കണ്ടാൽ
- D. പ്രതിഫല നടപടി യുടെ നാളിനെ ചോദിക്കുന്ന കാര്യത്തിൽ

## 203) ഒട്ടകത്തിനെ പരീക്ഷണമായി കൊണ്ട് നൽകിയതിന് ശേഷം എന്തെല്ലാം കാര്യങ്ങളാണ് അതിന്റെ കാര്യത്തിൽ സ്വാലിഹ് നബിയോട് അല്ലാഹു നിർദേശിച്ചത് ?

- A. ഒട്ടകത്തെ നീ വീക്ഷിച്ചു കൊള്ളുക
- B. വെള്ളം ഒട്ടകത്തിന് മാത്രമുള്ളതാണെന്ന് വിവരമറിയിക്കുക
- C. ഒട്ടകത്തെ ഉപദ്രവമേൽക്കാതെ അഴിച്ചു വിടുക
- D. നീ ക്ഷമ കൈ കൊള്ളുക

## 204) സുകൃതവാന്മാരുടെ ഗുണങ്ങൾ എണ്ണിപ്പറഞ്ഞിടത്ത് താഴെ നൽകിയവയിൽ ....... ആയത്തുകളിൽ വന്നിട്ടില്ല

- A. രാത്രിയിൽ അല്പസമയം ഉറങ്ങുക
- B. നിശാന്ത്യ സമയത്ത് പാപമോചനം തേടുക
- C. അല്ലാഹു നൽകിയതിൽ തൃപ്തി കാണിക്കുക
- D. ചോദിച്ചു വരുന്നവരെ സാമ്പത്തികമായി സഹായിക്കുക

## 205) ബുദ്ധി ജീവികൾക്കുള്ള ഇബാദത്താണ് ..........

- A. ഇബാദത്തു ബി തസ്ഖീർ
- B. ഇബാദത്തു ബിൽ ഇഖ്തിയാർ
- C. ഇബാദത്തു തദല്ലുൽ

- D. ഇബാദത്തുൽ ഖുശൂഅ

## 206) എന്നാൽ അല്ലാഹുവിന്റേതാണ് പരലോകവും ഇഹലോകവും' അല്ലാഹു ഇപ്രകാരം മറുപടി പറയുന്നതിന് മുമ്പ് ചോദിച്ച ഒരു ചോദ്യമാണ് ......... ?

- A. അപ്പോൾ എന്റെ ശിക്ഷയും എന്റെ താക്കീതുകളും എങ്ങനെയുണ്ടായിരുന്നു ?
- B. അവന്റെ പക്കൽ അദൃശ്യ ജ്ഞാനമുണ്ടോ ?
- C. ആ തിരിഞ്ഞു പോയവനെ നീ കണ്ടുവോ ?
- D. അതല്ല, മനുഷ്യന് അവൻ വ്യാമോഹിക്കുന്നത് ഒക്കെ ഉണ്ടെന്നോ ?

## 207) അവന് (മനുഷ്യന്) നീതി ന്യായപ്രകാരം താൻ യത്നിച്ചതല്ലാതെ ഒന്നുമില്ല, അല്ലാഹുവിന്റെ ഔദാര്യം കൊണ്ട് അല്ലാഹു ഉദ്ദേശിച്ചത് അവന് കിട്ടും ' ഈ വാക്കുകളുടെ ഉടമ ആരാണ് ?

- A. അല്ലാഹു
- B. മുഹമ്മദ് നബി (സ)
- C. ഹുസൈന് ബ്നു ഫദ്ൽ
- D. അലി(റ)

## 208) ഫഗശ്ശഹാ മാ ഗശ്ശ فَغَشَّىٰهَا مَا غَشَّىٰ എന്നത് ആരെയാണ് സൂചിപ്പിക്കുന്നത് ?

- A. ആദ് ജനതയെയും സമൂദ് ജനതയെയും
- B. സ്വാലിഹ് (അ) നബിയുടെ ജനതയെ മാത്രം
- C. ലൂത്ത്(അ) നബിയുടെ രാജ്യത്തെ
- D. നൂഹ്(അ) നബിയുടെ ജനതയെ

## 209) അൽ ഉഖ്റാ الْأُخْرَىٰ , അൽ ഊലാ الْأُولَىٰ എന്ന പദങ്ങളുമായി ബന്ധപ്പെടുത്തി തെറ്റായ പ്രസ്താവന തിരഞ്ഞെടുക്കുക

- A. അൽ ഉഖ്റാ الْأُخْرَىٰ എന്ന പദമാണ് ആയത്തുകളുടെ ക്രമത്തിൽ ആദ്യം വന്നിട്ടുള്ളത്

- B. അൽ ഊലാ الْأُولَىٰ എന്ന പദമാണ് ആയത്തുകളുടെ ക്രമത്തിൽ അവസാനം വന്നിട്ടുള്ളത്
- C. അൽ ഉഖ്റാ الْأُخْرَىٰ എന്ന പദം മൂന്ന് തവണയാണ് സൂറത്തുൽ നജ്മിൽ വന്നിട്ടുള്ളത്
- D. അൽ ഊലാ الْأُولَىٰ എന്ന പദം മൂന്ന് തവണയാണ് സൂറത്തുൽ നജ്മിൽ വന്നിട്ടുള്ളത്

## 210) ആയത്തിലെ هَبَاءً مُّنبَثًّا എന്നാൽ എന്താണ് ?

- A- ചിന്നിച്ചിതറിയ പാറ്റ
- B- ചിതറിയ ധൂളി
- C- പൊടിച്ചു പാറ്റിയ തരി
- D- കടഞ്ഞ ആട്ടിൻ രോമം

## 211) ഇടതുപക്ഷക്കാർക്കുണ്ടാകുന്ന ശിക്ഷ സൂറത്തുൽ വാഖിഅയിൽ വന്നിട്ടുള്ളത് ഏത് ?

- A- شَرَابٌ مِّنْ حَمِيم
- B- سَمُوم وَحَمِيم
- C- مَاءً حَمِيم
- D- عَذَابِ الْحَمِيم

## 212) കൃഷിയുമായി (വിളയിടുന്നതുമായി) ബന്ധപ്പെടുത്തി പറഞ്ഞ ആയത്തുകളിൽ കൂട്ടത്തിൽ ഉൾപെടാത്തത് ഏത് ?

- A- مُغْرَمُونَ
- B- مَحْرُومُونَ
- C- تَحْرُثُونَ
- D- مُنشِئُونَ

## 213) പരിശുദ്ധമാക്കപ്പെട്ടവർ الْمُطَهَّرُونَ എന്നു പറഞ്ഞത് ആരെപ്പറ്റിയാണ് ?

- A. മലക്കുകളെപ്പറ്റി
- B. മലക്കുകളെയും പ്രവാചകനെയും കൂടി
- C. വുളു മുഖേന ശുദ്ധിയായ ആളുകൾ

- D. എ യും ബി യും ശരിയാണ്

## 214) തെറ്റായ പരാമർശം ഏതെന്ന് കാണിക്കുക ?

- A. സൂറത്ത് റഹ്മാൻ മക്കയിൽ അവതരിച്ചതും മൂന്ന് റുകൂഉകളിലായി എഴുപത്തിയെട്ട് വചനങ്ങൾ ഉൾക്കൊള്ളുന്നതുമാണ്
- B. ഖുർആനിലെ നവവധു എന്ന ബാഹുമതിപ്പേർ സൂറത്ത് റഹ്മാനാണ് ഉള്ളത്
- C. സൂറത്ത് റഹ്മാനിൽ മുപ്പത്തി ഒന്ന് വട്ടം ആവർത്തിക്കുന്ന ഒരു വചനത്തിലെ അർത്ഥവ്യാപ്തിയും ഗൗരവവും ഗാനമാധുര്യവുമൊക്കെയാണ് ഈ അധ്യായത്തിനെ ഉറൂസുൽ ഖുർആൻ എന്ന് വിളിക്കുന്നതിലെ തത്വം
- D. A ശരിയും B തെറ്റുമാണ്

## 215) സൂറത്ത് റഹ്മാനിൽ ലോകാവസാന നാളിലെ ആകാശത്തെ പറ്റി പറഞ്ഞപ്പോൾ വിശേഷിപ്പിച്ചതിൽ ഉൾപ്പെടാത്തത് ഏതാണ് ?

- A. എണ്ണക്കീടം പോലെയാകുന്നു
- B. പനിനീർ വർണമുള്ളതായി തീരുന്നു
- C.ഊറക്കിട്ട തോൽ പോലെ ചുവന്നതായി തീരുന്നു
- D. പൊട്ടിക്കീറി ഉതിർന്നു വീഴുന്നു

## 216) സ്വർഗവാസികൾക്ക് കട്ടിപ്പട്ട് നിറച്ച ......... ഉണ്ടായിരിക്കുന്നതാണ് ?

- A. സോഫ - أرائك
- B. വിരിപ്പ് - فرش
- C. തലയിണ - نمارق
- D. വസ്ത്രം - لباس

## 217) സ്വർഗീയ സ്ത്രീകളെ ഉത്തമ സ്വഭാവമുള്ളവരും മുഖ സൗന്ദര്യമുള്ളവരെന്നും വിശേഷിപ്പിക്കുന്ന ഹദീസ് നിവേദനം ചെയ്യുന്നത് ........... ആണ് ?

- A. ആയിഷ((റ)
- B. ഉമ്മു സലമ(റ)
- C. ഉമ്മു സുലയിം(റ)

- D. ഉമ്മു ഹബീബ(റ)

## 218) ദവാത്താ അഫ്'നാൻ എന്നതുകൊണ്ടുദ്ദേശിക്കുന്നത് .............

- A. പല വകുപ്പുകളിൽ ഒട്ടനവധി വൃക്ഷശാഖകളും അവ നിറഞ്ഞു നിൽക്കുന്ന പല സ്വർഗ്ഗത്തോട്ടങ്ങളും
- B. വൈവിധ്യങ്ങളായ ഫലവർഗ്ഗങ്ങളും വൃക്ഷങ്ങളും വകുപ്പുകളും കൂടിയ ഒന്നോ അധികമോ സ്വർഗ്ഗത്തോട്ടങ്ങൾ
- C. വൈവിധ്യങ്ങളായ ഫലവർഗ്ഗങ്ങളും സുഖസൗകര്യങ്ങളോടും കൂടിയ സ്വർഗ്ഗത്തോട്ടം
- D. വൈവിധ്യങ്ങളായ ഫലവർഗ്ഗങ്ങളും സുഖസൗകര്യങ്ങളും നിറഞ്ഞ രണ്ടു സ്വർഗ്ഗതോപ്പുകൾ

## 219) ത്യാഗത്തിന്റെയും വിശ്വാസത്തിന്റെയും ശക്തിക്കനുസരിച്ച് നേടാനാവുന്ന പദവികൾ ആണ് .......

- A-രക്തസാക്ഷിത്വം, സത്യസാക്ഷ്യം
- B-വിലായത്, കറാമത്
- C- പ്രവാചകത്വം, രിസാലത്
- D-സത്യസാക്ഷ്യം, ശഹാദത്

## 220) ഏത് ദിവസമാണ് ആദ് സമുദായത്തിന് ശിക്ഷ ബാധിച്ചത്?

- A- نحس مستمر
- B- سحر مستمر
- C- أمر مستقر
- D- എല്ലാം ശരിയാണ്.

## 221) കർഷകരെ ആശ്ചര്യപ്പെടുത്തിയത് എന്താണ് ?

- A.നബാത് نَبَات
- B.ഹുത്വാമ حُطَامًا
- C. യഹീജ് يَهِيجُ
- D. മുസ്ഫർറ مُصْفَرًّا

**222) ആർക്ക് വേണ്ടിയാണെന്ന് സ്വർഗ്ഗം തയ്യാറാക്കപ്പെട്ടിരിക്കുന്നതെന്നാണ് സൂ:ഹദീദിൽ പറഞ്ഞിട്ടുള്ളത് ?**

- A.വിശ്വസിക്കുന്നവർക്ക്
- B.അല്ലാഹുവിലും റസൂലുകളിലും വിശ്വസിക്കുന്നവർക്ക്
- C. മുത്തഖീങ്ങൾക്ക്
- D. സാബിഖീങ്ങൾക്ക്

**223) ലി കൈലാ തഅ്സൗ لِّكَيْلَا تَأْسَوْا എന്നാൽ അർത്ഥമാക്കുന്നത് ................**

- A.നിങ്ങൾ വ്യസനപ്പെടാതിരിക്കുവാൻ വേണ്ടി
- B.നിങ്ങൾ സങ്കടപെടുന്നന്നതിന് വേണ്ടി
- C. നിങ്ങൾ ആഹ്ളാദിക്കുന്നതിന് വേണ്ടി
- D. നിങ്ങൾ സന്തോഷം കൊള്ളാതിരിക്കുവാൻ വേണ്ടി

**224) സൂറത്തുൽ ഹദീദിൽ പേര് പരാമർശിച്ച പ്രവാചന്മാരിൽ ................ ഉൾപ്പെടുന്നില്ല**

- A.നൂഹ് (അ)
- B.ഇബ്രാഹീം (അ)
- C. മൂസാ (അ)
- D. ഈസാ (അ)

**225) 'അവന് മാന്യമായ പ്രതിഫലവും ഉണ്ടായിരിക്കുമെന്നും', ''അവർക്ക് മാന്യമായ പ്രതിഫലവും ഉണ്ടായിരിക്കുമെന്നും'' പാഠഭാഗത്ത് വന്നിട്ടുണ്ട്. ആർക്കെല്ലാമാണ് മാന്യമായ പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളത് ?**

- A.അല്ലാഹുവിന് നല്ലതായ കടം കൊടുക്കുന്നവർക്കും ധർമ്മിഷ്ഠർക്കും
- B.അല്ലാഹുവിലും പ്രവാചകമാരിലും വിശ്വസിച്ച എല്ലാവർക്കും
- C. അവരുടെ പ്രവാചകരിലും പിന്നീട് റസൂൽ(സ) യിലും വിശ്വസിച്ച എല്ലാ വേദക്കാർക്കും

- D. എ യും സി യും ശരിയാണ്

## 226) കടുത്തു പോയ ഹൃദയങ്ങളിൽ ജീവചൈതന്യം ഉണ്ടാകുന്നത് എപ്പോളാണ് ?

- A.അല്ലാഹുവിന്റെ സ്മരണയിലേക്കും ഖുർആനിലേക്കും മടങ്ങുമ്പോൾ
- B.പുരോഹിതൻമാരെയും പണ്ഡിതൻമാരെയും റബ്ബുകളാക്കാതിരുന്നാൽ
- C. വേദക്കാരെ പോലെ കാലം ദീർഘിക്കാതിരുന്നാൽ
- D. എല്ലാം ശരിയാണ്

## 227) ഗൗരവമേറിയ അഞ്ചു സത്യവാചകങ്ങളിൽ ആണയിട്ടുകൊണ്ടു അല്ലാഹു പറയുന്നത് എന്താണ് ?

- A.തീർച്ചയായും നിങ്ങൾക്കറിയാമെങ്കിൽ, അതൊരു വമ്പിച്ച സത്യം തന്നെയാണ്
- B.നിശ്ചയമായും റബ്ബിന്റെ ശിക്ഷ സംഭവിക്കുന്നതു തന്നെ
- C.അതിന്റെ സംഭവ്യതയെ നിഷേധിക്കുന്ന ആരും ഉണ്ടായിരിക്കുകയില്ല
- D. ഒരു നിശ്ചിത ദിവസത്തെ കൃത്യമായ ഒരു അവധിക്ക് ഒരുമിച്ചുകൂട്ടപ്പെടുന്നവർ തന്നെയാകുന്നു

## 228) ആയിശാ (റ) യിൽ നിന്നും നിവേദനം: ........................ നബി (സ) സൂക്ഷ്മത കാണിക്കുന്ന അത്രയധികം സൂക്ഷ്മത മറ്റൊരു സുന്നത്തു നമസ്കാരത്തെക്കുറിച്ചും അവിടുന്നു കാണിക്കാറുണ്ടായിരുന്നില്ല. (ബു; മു.)

- A. സ്വലാത്ത് വിത്ർ
- B. രാത്രിയിലെ അന്ത്യയാമങ്ങളിലെ തഹജുദ് നമസ്കാരം
- C. റവാത്തിബ് നമസ്കാരങ്ങൾ
- D. സുബ്ഹു നമസ്കാരത്തിന്റെ മുമ്പുള്ള സുന്നത്തു നമസ്കാരം

## 229) സത്യവിശ്വാസികളോടുള്ള നബി(സ)യുടെ കൽപനകൾ താഴെ നൽകിയതിൽ തെറ്റായത് ഏത് ?

- A - 'കാറ്റിനെ ശപിക്കരുത്, അതു ആജ്ഞക്ക് വിധേയമാണ്'
- B- ഇന്നിന്ന നക്ഷത്രം നിമിത്തം മഴ പെയ്തു എന്നു സത്യവിശ്വാസികൾ പറയുവാൻ പാടില്ല
- C- لا يَقُولَنَّ أَحَدُكُمْ : حَرَثْتُ ، وَلَكِنْ لِيَقُلْ زَرَعْتُ

- D- ഇന്നിന്ന രാശി നിമിത്തം മഴ പെയ്തു എന്നു സത്യവിശ്വാസികൾ പറയുവാൻ പാടില്ല

## 230) ഇബ്രാഹിം നബി അതിഥികൾക്ക് ഭക്ഷണമായി മൂരിക്കുട്ടിയെ (പശുക്കുട്ടിയെ) പാകം ചെയ്യാനുള്ള കാരണം ?

- A. അതിഥി കളുടെ ഇഷ്ടം പരിഗണിച്ചതിനാൽ
- B. അന്നത്തെ മികച്ച ഭക്ഷണങ്ങളിലൊന്ന് മൂരിക്കുട്ടിയായതിനാൽ
- C. ഇബ്രാഹിം നബിക്കും കുടുംബത്തിനും ഏറ്റവും ഇഷ്ടപ്പെട്ട ഭക്ഷണം മൂരിക്കുട്ടിയായതിനാൽ
- D. ഇബ്രാഹിം നബിക്ക് പെട്ടന്ന് കിട്ടിയ വിഭവം മൂരിക്കുട്ടിയായതിനാൽ

## 231) പ്രവാചകനെതിരെ കാലവിപത്തിനെ കാത്തിരുന്നവരോട് നബി സ മറുപടി പറഞ്ഞത് എപ്രകാരമാണ് ?

- A. നിങ്ങൾ കാത്തിരുന്നു കൊള്ളുവീൻ , നിങ്ങൾക്ക് കാത്തിരിപ്പ് മാത്രം തന്നെയായിരിക്കും
- B. നിശ്ചയമായും നിങ്ങളുടെ കാത്തിരിപ്പ് വെറുതെയാവുകയില്ല
- C. അല്ലാഹു കാത്തിരിക്കുകയാണ് , നിങ്ങളും ദൈർഘ്യമായി കാത്തിരുന്നു കൊള്ളുക
- D. നിങ്ങൾ കാത്തിരുന്നു കൊള്ളുവീൻ , ഞാനും നിങ്ങളോടൊപ്പം കാത്തിരിക്കുന്നവനാണ്

## 232) അല്ലാഹുവിന്റെ ഒട്ടകത്തിന് വെള്ളം കുടിക്കാൻ പ്രത്യേകം ഊഴമുണ്ട് എന്ന് ബോധ്യപ്പെടുത്തുന്ന വചനമുള്ളത് ഏത് അദ്ധ്യായത്തിലാണ് ?

- A. ശംസ്
- B. ശുഅറാഅ
- C. ഖമർ
- D. ഹൂദ്

## 233) ചോദിക്കാൻ തടസമുള്ളവനെയാണ് ......... എന്ന് പറയുന്നത്

- A. മഹ്റൂം مَحْرُوم
- B. മുഹ്റം مُحْرَم

- [ ] C. മഹ്റം مَحْرَم

- [ ] D. മുഹ്രിം مُحْرِم

## 234) സൂറത്ത് നജ്മിന് യോജിക്കാത്ത ഒരു പാരാമർശമാണ് ...........

- [ ] A. തിലാവത്തിന്റെ സുജൂദ് ചെയ്യേണ്ട ആദ്യം അവതരിച്ച അധ്യായമാണ്

- [ ] B. നബി(സ) ജനമദ്ധ്യേ പരസ്യമായി ആദ്യം പാരായണം ചെയ്ത സൂറത്ത്

- [ ] C. നബി(സ) ഹറമിൽ വെച്ച് ഈ സൂറത്തിന്റെ തിലാവത്തിന്റെ വചനമാണ് ആദ്യം ഓതിയത്

- [ ] D. സുജൂദ് തിലാവത്തിന്റെ വചനം അവസാനത്തിൽ വരുന്ന അധ്യായം

## 235) കൂട്ടത്തിൽ ശരി ഏതെന്ന് കണ്ടു പിടിക്കുക

- [ ] A. മലക്കുകളെല്ലാം അല്ലാഹുവിന്റെ ആദരണീയരായ അടിയാന്മാരാണ്

- [ ] B. മലക്കുകൾക്കെല്ലാം ഇഷ്ടപ്രകാരം ശുപാർശ ചെയ്യാവുന്നതാണ്

- [ ] C. അല്ലാഹു ഉദ്ദേശിക്കുന്നവർ മാത്രമാണ് മലക്കുകൾക്ക് വേണ്ടി ശുപാർശ ചെയ്യുകയുള്ളൂ

- [ ] D. അല്ലാഹുവിന് തൃപ്തിപ്പെട്ട മലക്കുകൾ എന്നൊരു വിഭാഗം തന്നെ ശുപാർശ നൽകാൻ പ്രത്യേകമായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്

## 236) താഴെ നൽകിയവയിൽ ദൈവിക വചനമല്ലാത്തത് ഏതാണ് ?

- [ ] A. അവന്റെ പ്രയത്നം വഴിയെ അവന് കാട്ടിക്കൊടുക്കപ്പെടുന്നതാണ്

- [ ] B. പരസ്പരം പലതും ചോദിച്ചു കൊണ്ട് അവരിൽ ചിലർ ചിലരെ അഭിമുഖീകരിക്കും.

- [ ] C. നിങ്ങൾ ചിരിക്കുകയും കരയുകയും ചെയ്യുന്നു

- [ ] D. പരിശുദ്ധി നൽകപ്പെട്ടവരല്ലാതെ അതിനെ സ്പർശിക്കുകയില്ല

## 237) "ഇതു പൂർവ്വികന്മാരായ താക്കീതുകാരിൽ പെട്ട ഒരു താക്കീതുകാരനത്രെ" ; ആയത്തിൽ ഉദ്ദേശിച്ചിട്ടുള്ളത് ആരെയാണ് ?

- [ ] A. മൂസാ നബി

- [ ] B. ഇബ്റാഹിം നബി

- C. ഈസാ നബി
- D. ഇവയൊന്നുമല്ല

### 238) മറ്റേ മൂന്നാമത്തേതായ ............................ നെയും

- A. ലാത്ത
- B. ഉസ്സാ
- C. മനാത്ത
- D. ശിഅ്റാ

### 239) താഴെ നല്കിയവയിൽ ഒരായത്തിൽ ചെറിയ ഒരു മാറ്റം വരുത്തിയിട്ടുണ്ട്. ആ ആയത്ത് കണ്ടുപിടിക്കുക

- A- وَأَصْحَابُ الْيَمِينِ مَا أَصْحَابُ الْيَمِينِ
- B- وَأَصْحَابُ الشِّمَالِ مَا أَصْحَابُ الشِّمَالِ
- C- وَأَصْحَٰبُ ٱلْمَيْمَنَةِ مَآ أَصْحَٰبُ ٱلْمَيْمَنَةِ
- D- وَأَصْحَابُ الْمَشْأَمَةِ مَا أَصْحَابُ الْمَشْأَمَةِ

### 240) കൂട്ടത്തിൽ ഉൾപെടാത്തത് ഏത് ?

- A- سَمُومٍ
- B- حَمِيمٍ
- C- ظِلٍّ مِّن يَحْمُومٍ
- D- بَارِدٍ وَ كَرِيمٍ

### 241) ആയത്തിൽ വന്ന ക്രമത്തിൽ ശരിയേത് ? (1- أَمْ نَحْنُ ٱلْمُنزِلُونَ); (2- أَمْ نَحْنُ ٱلْمُنشِـُٔونَ) ; (3- أَمْ نَحْنُ ٱلزَّٰرِعُونَ) ; (4- أَمْ نَحْنُ ٱلْخَٰلِقُونَ)

- A- 4, 2, 3, 1
- B- 4, 1, 3, 2
- C- 4, 3, 2, 1
- D- 4, 3, 1, 2

### 242) മരണപ്പെടുന്നത് മുഖർറബീങ്ങളിൽ (مُقَرَّبِينَ ) പെട്ടവരാണെങ്കിൽ അവർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ താഴെ നൽകിയവയിൽ ആയത്തിൽ പ്രാസ്താവിക്കാത്തത് ഏത് ?

- A. റൗഹ് رَوْحٌ
- B. റയ്ഹാൻ رَيْحَانٌ
- C. ജന്നതു നഈം جَنَّتُ نَعِيمٍ
- D. മുൽകൻ കബീറ് مُلْكًا كَبِيرًا

## 243) രണ്ട് നാമങ്ങൾ അല്ലാഹുവിനല്ലാതെ മറ്റാർക്കും നാമങ്ങളായോ വിശേഷണങ്ങളായോ ഉപയോഗിക്കാറില്ല . ഏതാണവ ?

- A. അൽ ഇലാഹ് - റബ്ബ്
- B. അല്ലാഹു - റഹ്മാൻ
- C. ഖബീർ - ഖാലിഖ്
- D. ഇലാഹ് - മാലിക്

## 244) കുറ്റവാളികളുടെ അവയവങ്ങളെ പരാമർശിച്ചു കൊണ്ട് അവർക്കുള്ള ശിക്ഷയുടെ കാഠിന്യം മനസ്സിലാക്കി തരുന്ന പാഠഭാഗത്തെ ആയത്തിൽ എന്താണ് പ്രസ്താവിച്ചിട്ടുള്ളത് ?

- A. അവരുടെ കഴുത്തുകളിലേക്ക് താടിയെല്ലുകളെ ബന്ധിച്ചിരിക്കും
- B. അവരുടെ കഴുത്തിലെ സർപ്പം മുഖത്തെ കൊത്തുന്നു
- C. അവരുടെ വയറുകളിലും വാരിയെല്ലുകളിലും തീ പടരുന്നു
- D. അവരുടെ കുടുമകളും കാലടികളും കൂട്ടിപ്പിടിക്കപ്പെടുന്നതായിരിക്കും

## 245) ഖാസ്വിറാത്തുത്വർഫ് കൊണ്ട് ഉദ്ദേശിക്കുന്നത് ആരെയാണ് ?

- A. സ്വഭർത്താക്കന്മാരെ മാത്രം സ്നേഹിക്കുന്ന സ്വർഗ സ്ത്രീകൾ
- B. പതിവ്രതകളായ എല്ലാ സ്ത്രീകളും
- C. സ്വഭർത്താക്കളുടെ മാത്രം ദൃഷ്ടി പതിഞ്ഞ സ്ത്രീകൾ
- D. എല്ലാം ശരിയാണ്

## 246) കൂട്ടത്തിൽ ഉൾപ്പെടാത്തത് ഏതാണ് ?

- A. ഖൈറാത്തുൻ ഹിസാൻ
- B. ഖൈറാത്തുൽ അല്ലാഖ്

- C. ഹിസാനുൽ വുജൂഹ്
- D. ഹുസ്നുൽ ഖുൽഖ്

### 247) മുദ്ഹാമ്മതാൻ എന്ന ആയത്തിന്റെ അർത്ഥമാണ് .........

- A. കടുംപച്ച
- B. സസ്യലതാദികൾ
- C. കരിമ്പച്ചയായ രണ്ടെണ്ണം
- D. കുതിച്ചൊഴുകുന്ന അരുവികൾ

### 248) സൂറ: ഖമറിലെ ചില വചനങ്ങൾ മദീനയിൽ അവതരിച്ചതാണെന്ന് അഭിപ്രായപ്പെടുന്നുണ്ട്. പ്രസ്തുത വചനങ്ങൾ ഏതെല്ലാം ?

- A- 45 മുതൽ 46 വരെ
- B- 54 മുതൽ 55 വരെ
- C- 25 മുതൽ 26 വരെ
- D- 35 മുതൽ 36 വരെ

### 249) ഇത് ഞെരുക്കം ഏറിയ ദിവസമാകുന്നു' അവിശ്വാസികളുടെ ഈ വർത്തമാനത്തെ വിശദീകരിക്കുന്നിടത്ത് പറയുന്ന കാര്യമാണ് ...........

- A. ഖബറിൽ വെച്ച് അവിശ്വാസികൾ ഇപ്രകാരം പറയും
- B. വിളിക്കുന്ന ആളിലേക്ക് കഴുത്ത് നീട്ടി ധൃതിപ്പെട്ടു കൊണ്ട് അവിശ്വാസികൾ ഇപ്രകാരം പറയും
- C. നാട്ടക്കുറിയിലേക്ക് ഓടി വരുന്നവരായി കൊണ്ട് അവിശ്വാസികൾ ഇപ്രകാരം പറയും
- D. നരകത്തിൽ വെച്ച് മുറവിളി കൂട്ടികൊണ്ട് അവിശ്വാസികൾ ഇപ്രകാരം പറയും

### 250) താഴെ നല്കിയവയിൽ നിന്നും ആയത്തിന്റെ തുടർ ഭാഗം അർത്ഥങ്ങൾ ശരിയാകും പ്രകാരം പൂരിപ്പിക്കുക ; വമൽ ഹയാത്തുദ്ദുൻയാ ..................... (......................وَمَا الْحَيَاةُ الدُّنْيَا)

- A.കളിയും, വിനോദവും, അലങ്കാരവും, നിങ്ങൾ തമ്മിൽ ദുരഭിമാനം നടിക്കലും, സ്വത്തുക്കളിലും സന്താനങ്ങളിലും പെരുപ്പം നടിക്കലും മാത്രമാകുന്നു

- B.വഞ്ചനയുടെ വിഭവമല്ലാതെ മറ്റൊന്നും അല്ല
- C. കഠിനമായ ശിക്ഷയും, അല്ലാഹുവിങ്കൽ നിന്നുള്ള പാപമോചനവും, പ്രീതിയും അല്ലാതല്ല
- D. എ യും ബി യും ശരിയാണ്

## 251) നരകം തയ്യാറാക്കപ്പെട്ടിട്ടുള്ളത് അവിശ്വാസികൾക്കു വേണ്ടിയാണെന്ന് പ്രസ്താവിക്കപെട്ട ആയത്തുകളാണ് ....

- A.ആലുഇംറാൻ 24, അൽബഖറ 131
- B.അൽബഖറ 124, ആലുഇംറാൻ 31
- C. അൽബഖറ 31, ആലുഇംറാൻ 124
- D. ആലുഇംറാൻ 131 , അൽബഖറ 24

## 252) വല്ലാഹു ലാ യുഹിബ്ബു ........... (................وَاللَّهُ لَا يُحِبُّ) പാഠഭാഗത്തെ ആയത്തിൽ നിന്നും പൂരിപ്പിക്കുക

- A.كُلَّ كَفَّارٍ أَثِيمٍ
- B.الْمُفْسِدِينَ
- C. كُلَّ مُخْتَالٍ فَخُورٍ
- D. الظَّالِمِينَ

## 253) 'നൂതനമായുണ്ടാക്കിയത്' എന്ന് അല്ലാഹു പരാമർശിച്ചത് എന്തിനെയാണ് ?

- A.സന്യാസജീവിതം
- B.ബിദ്അത്
- C. ത്രികേയത്വം
- D. ദൈവത്തിന് സന്താനവാദം

## 254) നല്ലതായ കടം എന്നർത്ഥം വരുന്ന പ്രയോഗം ................ തവണ ആയത്തുകളിൽ വന്നിട്ടുണ്ട്

- A.1
- B.2
- C. 3

- D. 4

### 255) നമ്മെ ബാധിക്കുന്ന ഏതൊരു കാര്യവും അല്ലാഹു മുൻകൂട്ടി രേഖപ്പെടുത്തിയിരിക്കുന്നത് എന്തിനു വേണ്ടിയാണ്? (ശരിയായത് തിരഞ്ഞെടുക്കുക)

- A. നമുക്ക് പാഴായിപ്പോയതിന്റെ പേരിൽ നമ്മൾ സങ്കടപ്പെടാൻ വേണ്ടി
- B. നമുക്ക് അവൻ നൽകിയതിന്റെ പേരിൽ നമ്മൾ ആഹ്ളാദം കൊള്ളാതിരിക്കാൻ വേണ്ടി
- C. നന്മബാധിക്കുമ്പോൾ അഹങ്കാരവുമുള്ളവനാകാനും തിന്മ ബാധിക്കുമ്പോൾ നിരാശയുള്ളവനും വേണ്ടി
- D. എ യും ബി യും ശരിയാണ്

### 256) താഴെ ഗ്രൂപ്പുകളിൽ ആശയങ്ങളും പ്രയോഗങ്ങളും പരിശോധിച്ച് പരസ്പരം യോജിക്കാത്ത ഒരു ഗ്രൂപ്പ് തിരഞ്ഞെടുക്കുക

- A. എഴുപതിനായിരം മലക്കുകൾ - ബൈത്തുൽ മഉമൂർ
- B.ആകാശം - സൂക്ഷിക്കപ്പെട്ട മേൽപുര
- C.വിറകുനിറച്ചു കത്തിക്കപ്പെടുന്നത് - സമുദ്രങ്ങൾ
- D. ത്വൂർ- സീന പർവ്വതം

### 257) നിങ്ങൾക്കു ഏട്ടുകളിൽ വല്ല ഒഴിവും ഉണ്ടോ? ആയത്തിൽ ഈ ചോദ്യം അല്ലാഹു ആരോട് ചോദിക്കുന്നതായാണ് വന്നിട്ടുള്ളത് ?

- A. ഥമൂദ്
- B. ഖൗമു ലൂഥ്
- C. ആല ഫിർഔൻ
- D. നബി(സ)യെ കളവാക്കിയ സത്യനിഷേധികൾ

### 258) ശുർബൽ ഹീം شُرْبَ ٱلْهِيمِ എന്നാൽ .......................

- A - ഒട്ടകസൂപ്പ്
- B- ദുർഗന്ധമുള്ള പാനീയം
- C- ദാഹരോഗം പിടിപെട്ട ഒട്ടകത്തിന്റെ കുടി

- D- എല്ലാം ശരിയാണ്

## 259) താഴെ നൽകിയതിൽ ഏറ്റവും ശരിയായ പ്രസ്താവന ഏതാണ് ?

- A. മലക്കുകൾ ഇബ്രാഹിം നബിക്കും സാറ ബീവിക്കും ഇസ്ഹാഖ് എന്ന പുത്രനെ മാത്രമാണ് സന്തോഷ വാർത്തയായി അറിയിച്ചത്
- B. മലക്കുകൾ ഇബ്രാഹിം നബിക്കും സാറ ബീവിക്കും യഅകൂബ് എന്ന പുത്രനെ പറ്റിയാണ് ആദ്യമായി സന്തോഷ വാർത്ത അറിയിച്ചത്
- C. മലക്കുകൾ ഇബ്രാഹിം നബിക്കും സാറ ബീവിക്കും ഇസ്ഹാഖ്, യഅകൂബ് എന്നിവരെ പറ്റി സന്തോഷ വാർത്ത അറിയിച്ചു
- D. മലക്കുകൾ ഇസ്ഹാഖ് നബിയെ പറ്റി ഇബ്രാഹിം നബിയോടും ഇസ്മാഈൽ നബിയെ പറ്റി സാറ ബീവിയോടുമാണ് സന്തോഷ വാർത്ത അറിയിച്ചത്

## 260) മുഹമ്മദ് നബി സ നിങ്ങൾക്കിടയിൽ ജനിച്ചു വളർന്നു. നാൽപ്പത് വർഷം നിങ്ങളുടെ എല്ലാ ബഹുമാന ആദരവുകൾക്കും തികച്ചും പത്രമായിരുന്നു . അങ്ങനെയുള്ള നിങ്ങളുടെ സ്വന്തം ആളാണ് എന്ന ആശയമാണ് ........... പദപ്രയോഗത്തിലൂടെ നമുക്ക് മനസിലാക്കാൻ കഴിയുന്നത് ?

- A. സ്വാഹിബുക്കും (നിങ്ങളുടെ ആൾ )
- B. വമാ ഗ്വവാ (അബദ്ധം പിണഞ്ഞവനല്ല )
- C. ശദീദുൽ ഖുവാ (ശക്തമായ കഴിവുള്ളവൻ )
- D. ഉഫുഖിൽ അഅലാ (ഉന്നത സ്ഥാനമുള്ളവൻ )

## 261) അല്ലാഹുവിന്റെ ഒട്ടകത്തിനെ സമൂദിലെ നിഷ്ഠൂരൻ വധിച്ചത് എപ്രകാരമാണ് ?

- A. അതിന്റെ കുടിവെള്ളത്തിൽ വിഷം നൽകി കൊന്നു
- B. അതിനെ അഗ്നിക്കിരയാക്കി
- C. വാൾ കൊണ്ട് കാലിന് വെട്ടി വീഴ്ത്തി കൊന്നു
- D. അതിന്റെ മേലേക്ക് പാറ തള്ളിയിട്ട് കൊന്നു

## 262) ശാന്തമായി സ്വർഗ്ഗത്തിൽ പ്രവേശിക്കാനുള്ള കാര്യങ്ങളെ പ്രസ്താവിച്ച ഹദീസിൽ താഴെ നൽകിയവയിൽ പരാമർശിക്കാത്തത് ഏത് ?

- A. സലാം പ്രചരിപ്പിക്കൽ
- B. ഭക്ഷണം നൽകൽ
- C. നമസ്ക്കാരം നില നിർത്തൽ
- D. രക്തബന്ധം പാലിക്കൽ

## 263) താണു പോകുക, മേൽപ്പോട്ട് ഉയരുക എന്ന വിപരീത അർത്ഥങ്ങൾ വരുന്ന ഒരു പദമാണ് ........

- A. ഹവാ هَوَىٰ
- B. അൽ ഹവാ ٱلْهَوَىٰ
- C. ഗവാ غَوَىٰ
- D. അദ്നാ أَدْنَىٰ

## 264) "പരമ കാരുണികന്റെ അടിയാന്മാരാകുന്ന മലക്കുകളെ അവർ പെണ്ണുങ്ങളാക്കുകയും ചെയ്തിരിക്കുന്നു " എന്നർത്ഥം വരുന്ന വചനം ഏത് അധ്യായത്തിലാണ് ?

- A. ഖമർ
- B. ഖമറിലും നജ്മിലും
- C. സുഖ് റുഫ്
- D. ജാഥിയ

## 265) പ്രവാചക വചനങ്ങളെ മനസിലാക്കുമ്പോൾ താഴെ നൽകിയവയിൽ തെറ്റായ പരാമർശം ഏതാണ് ?

- A. ഒരാൾ ഒരു നല്ല നടപടി നടപ്പാക്കിയാൽ അയാൾക്ക് അതിന്റെ പ്രതിഫലം ലഭിക്കുന്നതാണ്
- B. ഒരാൾ ഒരു ദുഷിച്ച നടപടി നടപ്പാക്കിയാൽ ഖിയാമത്ത് നാൾ വരെ അതനുസരിച്ചു പ്രവർത്തിച്ചവരുടെ കുറ്റം കൂടി ഏൽക്കേണ്ടി വരും
- C. മനുഷ്യന്റെ മരണ ശേഷം മുറിഞ്ഞു പോകാത്ത അമലുകളിൽ ഹജ്ജ്, ഉംറ ഉൾപ്പെടുമെന്ന് ഫുഖഹാക്കൾ സമ്മതിക്കുന്നു
- D. ഒരാൾ തിന്മ കൊണ്ട് ക്ഷണിച്ചാലും നന്മ കൊണ്ട് ക്ഷണിച്ചാലും രണ്ടിന്റെയും ഫലങ്ങൾ അവന് അനുഭവിക്കാവുന്നതാണ്

## 266) തെറ്റായ ഗ്രൂപ്പ് ഏത് ?

- A. ആസന്ന സംഭവം - اَلْـَازِفَةُ
- B. ആ സംഭവം- الواقعة
- C. ആ ഭയങ്കര സംഭവം - القارعة
- D. ആ യഥാർത്ഥ സംഭവം - الحاقَّة

## 267) 'അധികപ്രശംസ നടത്തുന്നവരെ കണ്ടാൽ, അവരുടെ മുഖത്തു മണ്ണുവാരിയിടുവാൻ ഞങ്ങളോടു നബി(സ) കൽപിച്ചിരിക്കുന്നു'; ഇത് പറഞ്ഞ സഹാബിയാരാണ് ?

- A. മിഖ്ദാദ് (റ)
- B. ഉസ്മാൻ (റ)
- C. അലി(റ)
- D. ഉമർ(റ)

## 268) വ അസ്ഹാബു ................... മാ അസ്ഹാബു............. (..................مَا أَصْحَابُ ..............................وَأَصْحَابُ) താഴെ നൽകിയവയിൽ ആയത്തിനോട് യോജിക്കാത്ത ഗ്രൂപ്പ് തിരഞ്ഞെടുക്കുക

- A- ൽയമീനി الْيَمِينِ ; ൽയമീൻ الْيَمِين
- B- ശ്ശിമാലി الشِمَالِ ; ശ്ശിമാൽ الشِمَال
- C- ൽ മയ്മനത്തി اَلْمَيْمَنَةِ ; ൽ മയ്മനത് اَلْمَيْمَنَة
- D- ൽ മശ്അമത്തി الْمَشْأَمَةِ ; ൽ മശ്അമത് الْمَشْأَمَة

## 269) മുത്റഫീൻ مُتْرَفِين എന്നത് വിളിച്ചിട്ടുള്ളത് ആരെയാണ് ?

- A- ഇടതു പക്ഷക്കാരെ
- B- വലതു പക്ഷക്കാരെ
- C- മുകര്റബീങ്ങളെ
- D- വലീദ്ബ്നു മുഗീറയെ

## 270) ആയത്തിൽ വന്ന ക്രമത്തിൽ അവസാനം വന്നത് ഏത് ?

- A- أَمْ نَحْنُ اَلْمُنْشِئُونَ
- B- أَمْ نَحْنُ اَلْمُنْزِلُونَ

- C- أَمْ نَحْنُ ٱلزَّٰرِعُونَ
- D- أَمْ نَحْنُ ٱلْخَٰلِقُونَ

**271) മരണപ്പെടുന്നത് ദുർമ്മാർഗ്ഗികളായ വ്യാജവാദികളിൽ പെട്ടവനാണെങ്കിൽ അവന് ലഭിക്കുന്ന ശിക്ഷകൾ സൂറത്തുൽ വാഖിഅയിൽ പരാമർശിച്ചത് ഏത് ?**

- A. ശറാബുൻ മിൻ ഹമീം - شَرَابٌ مِّنْ حَمِيم
- B. തസ്‌ലിയതു ജഹീം - تَصْلِيَةُ جَحِيمٍ
- C. സിയാബുൻ മിന്നാര് ثِيَابٌ مِّن نَّار
- D. മഖാമിഉ മിൻ ഹദീദ് مَّقَامِعُ مِنْ حَدِيد

**272) അല്ലാഹു കാരുണ്യവാനാകാൻ കാരണമായ മൂന്ന് കാരണങ്ങളിൽ ഒന്നാമത്തേതാണ് ?**

- A. ഖുർആൻ പഠിപ്പിച്ചു
- B. മനുഷ്യനെ സൃഷ്ടിച്ചു
- C. കാരുണ്യം കാണിച്ചു
- D. മനുഷ്യനെ വിവരണം പഠിപ്പിച്ചു

**273) രണ്ട് കനത്ത സമൂഹമേ എന്ന് ഖുർആൻ അഭിസംബോധന ചെയ്തത് ആരെയാണ് ?**

- A. മനുഷ്യരിലെ വിശ്വാസികളെയും അവിശ്വാസികളെയും
- B. ജിന്നുകളിലെ വിശ്വാസികളെയും അവിശ്വാസികളെയും
- C. മലക്കുകളെയും ജിന്നുകളെയും
- D. ജിന്നുകളെയും മനുഷ്യരെയും

**274) അൽ യാഖൂത് വൽ മർജാൻ എന്നാൽ ..............**

- A. പവിഴവും മാണിക്യവും
- B. മരതകവും മാണിക്യവും
- C. മാണിക്യവും മരതകവും
- D. മാണിക്യവും പവിഴവും

## 275) 'നിങ്ങൾ അല്ലാഹുവിനെ മഹത്വപ്പെടുത്തുവീൻ , അവൻ നിങ്ങൾക്ക് .............. " ; ഹദീസിൽ വിട്ടഭാഗമാണ് ?

A. അനുഗ്രഹം ചൊരിയും

B. കാരുണ്യം കാണിക്കും

C. പൊറുത്ത് തരും

D. ഉപജീവനം നൽകും

## 276) കട ബാധ്യതകൾ വീട്ടിക്കിട്ടുവാനും ദാരിദ്ര്യത്തിൽ നിന്ന് ധന്യത കിട്ടാനും സഹായകരമാവുന്ന ഒരു പ്രാർത്ഥന നബി (സ) പ്രത്യേകമായി പ്രാർത്ഥിച്ചത് എപ്പോഴായിരുന്നു ?

A- നമസ്കാരങ്ങൾക്ക് ശേഷം

B-യാത്രാ വേളകളിൽ

C- ഉറങ്ങാൻ കിടക്കുമ്പോൾ

D-അന്ത്യയാമങ്ങളിൽ

## 277) രണ്ട് വിരലുകൾ ചേർത്തു വെച്ച് നബി സ പറഞ്ഞ ശ്രദ്ധേയമായ വാക്കുകൾ ഏതെന്ന് തെരഞ്ഞെടുക്കുക ?

A. ഞാനും യതീമിനെ സഹായിക്കുന്നവനും ഈ വിരലുകൾ പോലെ അടുത്ത് നിൽക്കും

B. എന്നെ സ്നേഹിക്കുന്നവൻ എന്റെ ദീനിനെ ചേർത്തു വെക്കട്ടെ

C. ആണിനെയും പെണ്ണിനെയും സൃഷ്ടിച്ച രീതിയാണ് സത്യം, രണ്ട് പേരുടെയും അമലുകൾ നിഷ്ഫലമാക്കുകയില്ല

D. ഞാനും അന്ത്യസമയവും ഈ രണ്ട് വിരലുകൾ കണക്കെ ആയിക്കൊണ്ടാണ് എന്നെ നിയോഗിച്ചിട്ടുള്ളത്

## 278) സ്വർഗ്ഗ വാസികൾക്ക് സേവനം ചെയ്യുന്ന ബാലന്മാരെ കുറിക്കാൻ ഖുർആൻ ഉപയോഗിച്ച പദം എന്ത്?

A- اولاد

B- طلبان

C- غلام

D- غلمان

**279) താഴെ നൽകിയ ഗ്രൂപ്പുകളിൽ മൂന്ന് ഗ്രൂപ്പും ഒരേ ആയത്തിൽ നിന്നാണ്. ഒറ്റപ്പെട്ട ഗ്രൂപ്പ് തിരഞ്ഞെടുക്കുക**

- A.അല്ലാഹുവിന്റെ കൽപന, വ്യാമോഹങ്ങൾ, പിശാച്
- B.ഐഹിക ജീവിതം, കളി, വിനോദം
- C. പരലോകം, കഠിനമായ ശിക്ഷ, അല്ലാഹുവിങ്കൽ നിന്നുള്ള പാപമോചനം
- D. മഴ, ചെടി, മഞ്ഞനിറം

**280) സ്വർഗ്ഗം ലഭിക്കുന്നതിനുള്ള അടിസ്ഥാനമാനദണ്ഡം സത്യവിശ്വാസമാണെന്ന് ............. ആയത്തിൽ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്**

- A.റഹ്മാൻ 47
- B.ഹദീദ് 21
- C. ആലുഇംറാൻ 131
- D. റഹ്മാൻ 46

**281) ഒരാളിൽ ഒരു ചീത്ത സ്വഭാവം ഉണ്ടാകുമ്പോൾ ആ സ്വഭാവം മറ്റുള്ളവരിലും ഉണ്ടായിക്കാണാൻ അവനു ആഗ്രഹാമുണ്ടായിരിക്കുമെന്ന് ഈ വചനത്തിൽ നിന്നും മനസ്സിലാക്കാം**

- A.തൂർ 16
- B.ദാരിയത് 10
- C. ഹദീദ് 24
- D. വാഖിഅ 47

**282) അവരുടെമേൽ അല്ലാഹു അതിനെ നിയമിച്ചിട്ടില്ല, എന്നിരുന്നാലും അല്ലാഹുവിന്റെ പ്രീതിയെ തേടേണ്ടതിന് അവരത് ചെയ്തുവെന്ന് ആയത്തിൽ വന്നിട്ടുള്ളത് എന്താണ് ?**

- A.രാത്രിയിലെ പ്രത്യേക പ്രാർത്ഥന
- B.രാത്രിയിലെ എല്ലാ സുന്നത് നമസ്കാരങ്ങളും
- C. രാത്രിയുടെ അന്ത്യയാമങ്ങളിലെ തഹജ്ജുദ് നമസ്കാരം

- D. സന്യാസജീവിതം

## 283) ആയത്തിൽ വന്ന പ്രയോഗങ്ങളിൽ ഉൾപെടാത്തത് ഏത് ?

- A.യുളാഇഫഹു ലഹും يُضَـٰعِفۡهُ لَهُمْ
- B.ഫ യുളാഇഫഹു ലഹു فَيُضَـٰعِفَهُۥ لَهُۥ
- C. യുളാഅഫു ലഹും يُضَـٰعَفُ لَهُمْ
- D. ഫ യുളാഇഫഹു فَيُضَـٰعِفَهُۥ

## 284) ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ; അവന്റെ റസൂലിൽ വിശ്വസിക്കുകയും ചെയ്യുവിൻ; എന്നാൽ ............................... (താഴെ നൽകിയവയിൽ ആയത്തിനോട് ചേർച്ചയുള്ള വാക്യം തിരഞ്ഞെടുക്കുക)

- A. അവന്റെ കാരുണ്യത്തിൽ നിന്നു ഒരോഹരി അവൻ നിങ്ങൾക്കു നൽകുന്നതാണ്
- B. നിങ്ങൾക്കു കൊണ്ടുനടക്കുവാനുള്ള ഒരു മാർഗം നിങ്ങൾക്ക് അവൻ ഏർപ്പെടുത്തിത്തരുന്നതാണ്
- C. നിങ്ങൾക്കു പൊറുത്തുതരുന്നതാണ്
- D. എല്ലാം ശരിയാണ്

## 285) വിറകുനിറച്ചു കത്തിക്കപ്പെടുന്നതു, ജ്വലിപ്പിക്കപ്പെട്ടതു എന്നൊക്കെയാണ് .....................എന്ന വാക്കിനു ഭാഷാർത്ഥം

- A. അൽ മർഫൂഇ المَرْفُوعِ
- B. സഖ്ഫ് سَقْف
- C. മഹ്ഫൂള് مَّحْفُوظ
- D. അൽ മസ്'ജൂർ ٱلْمَسْجُور

## 286) ദൂഖൂ മസ്സ സഖർ ذُوقُوا۟ مَسَّ سَقَرَ എന്നാൽ ................ എന്നർത്ഥം.

- A - അവരുടെ മുഖങ്ങളിലായി നരകത്തിൽ വലിച്ചിഴക്കപ്പെടുന്നു
- B- നരകത്തിന്റെ ബാധയെ രുചി നോക്കിക്കൊള്ളുവിൻ
- C- സഖറിന്റെ ഗന്ധം
- D- കുറ്റവാളികൾ വഴിപിഴവിലും, കിറുക്കിലുമാകുന്നു

## 287) താഴെ നൽകിയ നാലു ചോദ്യങ്ങളെ ആയത്തുകകളുടെ ക്രമത്തിൽ മൂന്നാമതായി വന്നിട്ടുള്ളത് ഏത് ?

- ☐ A - أَفَرَءَيْتُم مَّا تُمْنُونَ
- ☐ B- أَفَرَءَيْتُم مَّا تَحْرُثُونَ
- ☐ C- أَفَرَءَيْتُمُ ٱلْمَآءَ ٱلَّذِى تَشْرَبُونَ
- ☐ D- أَفَرَءَيْتُمُ ٱلنَّارَ ٱلَّتِى تُورُونَ

## 288) ലൂത് നബിയുടെ ജനതയെ അല്ലാഹു വിശേഷിപ്പിച്ചത് എപ്രകാരമാണ് ?

- ☐ A. കുറ്റവാളികളായ ജനത
- ☐ B. പരീക്ഷിക്കപ്പെട്ട ജനത
- ☐ C. തെമ്മാടികളായ ജനത
- ☐ D. നശിക്കപ്പെടേണ്ട ജനത

## 289) അലാ തസിറൂ വാസിറത്തുൻ വിസ്റ ഉഖ് റാ താഴെ നൽകിയതിൽ ഇതുമായി യോജിക്കുന്ന പ്രസ്താവന ഏതാണ്

- ☐ A. കുറ്റമില്ലാത്ത ആത്മാക്കൾക്ക് ഒരിക്കലും വിചാരണ നേരിടേണ്ടി വരില്ല
- ☐ B. കുറ്റങ്ങളുടെ ആധിക്യം സ്വദേഹത്തെ ഭാരമുള്ളതാക്കി തോന്നിപ്പിക്കും
- ☐ C. കുറ്റങ്ങളിൽ കുറവുള്ള ആത്മാക്കൾക്ക് മറ്റൊരു ആത്മാവിന്റെ പാപങ്ങളെ വഹിക്കുന്നതിൽ തെറ്റില്ല
- ☐ D. കുറ്റം വഹിക്കുന്ന ഒരു ആത്മാവും മറ്റൊരു ആത്മാവിന്റെ കുറ്റം വഹിക്കുകയില്ല

## 290) ചരൽ കാറ്റിന്റെ ശിക്ഷ വന്നിറങ്ങിയ ലൂത്ത് നബിയുടെ ജനതയിൽ നിന്ന് അല്ലാഹു അവരെ രക്ഷിച്ച സമയം ഏതെന്നാണ് വ്യക്തമാക്കുന്നത് ?

- ☐ A. നിശാന്ത്യത്തിൽ
- ☐ B. നട്ടപ്പാതിരയിൽ
- ☐ C. പകൽ വെളിച്ചത്തിൽ
- ☐ D. പൂർവാഹ്ന സമയത്ത്